<bank1><Commerce><Banking><1981><Book><ബാങ്കിങ്><പ്രൊഫ.കെ.സി.ശേഖർ><22>

ഭാഗം രണ്ട്
േകന്ദ്രബാങ്കിങ്
-39-
3
കേന്ദ്രബാങ്കിങ്
കേന്ദ്രബാങ്കിങ്ങിന്റെ തുടക്കം കുറിച്ചതു് 1694-ൽ ഇന്നത്തെ
ബാങ്ക്
ഓഫ് ഇംഗ്ലണ്ടിന്റെ
ആവിർഭാവത്തോടെയാണെങ്കിലും, കേന്ദ്രബാങ്കിങ് പുതിയ രൂപവും ഭാവവും കൈക്കൊണ്ടതു് ഈ ശതകത്തിൽ മാത്രമാണു്.
മുൻകാല കേന്ദ്രബാങ്കിങ് സ്ഥാപനങ്ങൾ നോട്ടു പുറപ്പെടുവിക്കൽ
സ്ഥാപനങ്ങൾ എന്ന നിലയിൽ മാത്രമാണു് പ്രവർത്തിച്ചുപോന്നിരുന്നതു്,
ആധുനിക കേന്ദ്രബാങ്കിങ് രീതികൾ അവയ്ക്കജ്ഞാതമായിരുന്നു. അതാതു് ഭരണകൂടങ്ങളുമായുള്ള പ്രത്യേക ബന്ധങ്ങൾ മാററി നിർത്തിയാൽ ഇവ മററു
ബാങ്കിങ്
സ്ഥാപനങ്ങളിൽ നിന്നു്
വ്യത്യസ്തമല്ലായിരുന്നുവെന്നു് കാണുവാൻ കഴിയും.
വളരെനാളത്തെ നിരന്തരമായ പരീക്ഷണങ്ങളിൽ കൂടിയും

തെററുതിരുത്തലുകളിൽ കൂടിയുമാണു് ആധുനിക നാണയ-ബാങ്കിങ് ഘടനയിൽ നിർണായക സ്ഥാനം ഇവയ്ക്കു കൈവന്നതു്.

ഈ ശതകത്തിന്റെ ആരംഭത്തിൽപോലും പല രാഷ്ട്രങ്ങളിലും
കേന്ദ്രബാങ്കുകൾ സ്ഥാപിതമായിരുന്നില്ല. ഒന്നാം ലോകമഹായുദ്ധവും
തുടർന്നുണ്ടായ നാണയപ്രതിസന്ധിഘട്ടങ്ങളും നാണയമണ്ഡലത്തിൽ
സുസ്ഥിരത കൈവരുത്തുവാനുതകുന്ന രീതിയിലുള്ള കേന്ദ്രബാങ്കിങ് സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു് വിരൽ ചൂണ്ടുകയുണ്ടായി.
1920-ൽ ബ്രസ്സൽസിൽ വച്ചുനടന്ന അന്താരാഷ്ട്രസാമ്പത്തികസമ്മേളനം
കേന്ദ്രബാങ്കുകൾ നിലവിലില്ലാത്ത രാഷ്ട്രങ്ങളിൽ അത്തരം സ്ഥാപനങ്ങൾ ഉടനടി
സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഊന്നിപ്പറയുകയുണ്ടായി.
1922-ൽ സമ്മേളിച്ച ജിനോവാ സമ്മേളനവും ഇതേ തീരുമാനത്തിലാണു്
എത്തിച്ചേർന്നതു്. നാണയപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുവാനും



അന്താരാഷ്ട്രനാണയ സഹകരണം കൈവരുത്തുകയും ഒരു കേന്ദ്രബാങ്കിങ് സ്ഥാപനത്തിനു് വളരെയേറെ സംഭാവനകൾ നൽകുവാൻ കഴിയുമെന്നു്
സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടു.

ഈ നിർദേശങ്ങൾക്കും ഉപദേശങ്ങൾക്കും ലോകമെമ്പാടും
ംവമ്പിച്ച
സ്വാഗതമാണു് ലഭിച്ചതു്. അടുത്ത മൂന്നു് ദശകങ്ങളിൽ നിരവധി
രാഷ്ട്രങ്ങൾ അവയുടെ സ്വന്തമായ കേന്ദ്രബാങ്കിങ്സ്ഥാപനങ്ങൾ
സംഘടിപ്പിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന കേന്ദ്രബാങ്കിങ് സ്ഥാപനങ്ങളുടെ
നിയമസംഹിതയിൽ നിന്നും അനുഭവജ്ഞാനത്തിൽ നിന്നും പല
വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടെങ്കിലും, ഈ രാഷ്ട്രങ്ങൾ അവയുടെ
കേന്ദ്രബാങ്കിങ് നിയമങ്ങളിൽ നിരവധി നൂതനാശയങ്ങളും
ഉൾക്കൊള്ളിക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. രാഷ്ട്രങ്ങളുടെ സാമ്പത്തിക
മണ്ഡലങ്ങളിലുണ്ടായ വിപ്ലവാത്മകങ്ങളായ മാററങ്ങൾ കേന്ദ്രബാങ്കിന്റെ
പദവി ഒരു വെറും നോട്ടു പുറപ്പെടുവിക്കൽ സ്ഥാപനമെന്നുള്ളതിൽ നിന്നും
സാമ്പത്തികവികസനത്തിന്റെ നേതൃത്വം വഹിക്കുന്ന സ്ഥാപനമെന്ന
നിലയിലേക്കു് ഉയർത്തി. അങ്ങനെ കേന്ദ്രബാങ്കിങ്സ്ഥാപനങ്ങൾക്കു്
ആഗോളവ്യാപകമായ സമ്മതി ലഭിക്കുകയും, ഓരോ രാഷ്ട്രത്തിന്റെയും
സാമ്പത്തിക ഭൂപടത്തിൽ മായാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തു.

കേന്ദ്രബാങ്കിങ് പ്രവർത്തനങ്ങൾക്കു് ഇന്നു്
നിലവിലുള്ള പ്രാധാന്യം
ലഭിക്കുവാൻ
മൂന്നു് നൂററാണ്ടുകളോളം വേണ്ടിവന്നു. ഇന്നും
വികസിതമായിക്കൊണ്ടിരിക്കുന്നതാണു്
കേന്ദ്രബാങ്കിങ് സ്ഥാപനങ്ങളുടെ
പ്രവർത്തനമണ്ഡലം. ഡി
കോക്കിന്റെ വാക്കുകളിൽ ''കേന്ദ്രബാങ്കിങ് കല''
എന്നു്
പറയപ്പെടാവുന്ന രീതിയിൽ കേന്ദ്രബാങ്കിങ്
സ്ഥാപനങ്ങൾ അവയുടേതായ
നിയമസംഹിതകളും നടപടിക്രമങ്ങളും
വികസിപ്പിച്ചെടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിലും,
മാറിവരുന്ന പരിതസ്ഥിതികൾക്കനുസരണമായി
അതിപ്പോഴും ഒരു
വികാസ പരിണാമപ്രക്രിയയിലും താൽക്കാലിക
അനുയോജനത്തിലും
അധിഷ്ഠിതമാണു്.
കേന്ദ്രബാങ്കിന്റെ കർത്തവ്യങ്ങൾ
ഒരു കേന്ദ്രബാങ്കിന്റെ കർത്തവ്യങ്ങൾ
എന്തൊക്കെയാണു്
എന്നുള്ളതിനെ
സംബന്ധിച്ച് കർശനമായ നിയമങ്ങൾ
ആവിഷ്ക്കരിക്കാൻ വിഷമമാണു്.
കേന്ദ്രബാങ്കുകളുടെ അധികാരങ്ങളും
കർമപരിധിയും വിവിധരാഷ്ട്രങ്ങളിൽ
വ്യത്യസ്തമായിരിക്കുവാൻ സാധ്യതകളുണ്ടു്.
ഘടനാസംവിധാനത്തിലും ഈ
വൈവിധ്യം നമുക്കു് ദർശിക്കുവാൻ കഴിയും.

പൂർണമായി രാഷ്ട്രത്തിന്റെ
ഉടമയിലും നിയന്ത്രണത്തിലും അധിഷ്ഠിതമായതും
അതേസമയം കേന്ദ്രീകൃത
-41-
സമ്പ്രദായം അവലംബിച്ചു വരുന്നതുമായ ബാങ്ക്
ഓഫ് ഇംഗ്ലണ്ടും ഒരു
ഭാഗത്തു് നാം കാണുമ്പോൾ മറുഭാഗത്തു്
അംഗബാങ്കുകളുടെ ഉടമയിലും
ഫെഡറൽ റിസർവ് സമിതിയാൽ
സമന്വയിക്കപ്പെട്ടതുമായ വികേന്ദ്രീകൃത
അമേരിക്കൻ കേന്ദ്രബാങ്ക് സമ്പ്രദായം നമുക്കു്
കാണുവാൻ കഴിയുന്നു. രണ്ടാം
ലോകമഹായുദ്ധത്തിനുശേഷം പശ്ചിജർമനിയിൽ
രൂപംകൊണ്ടിട്ടുള്ള കേന്ദ്രബാങ്ക്
സമ്പ്രദായം മറെറാരു നൂതനസംവിധാനമാണു്.
ഈ സമ്പ്രദായം
കേന്ദ്രബാങ്കിങ്ങിനെയും വാണിജ്യബാങ്കിങ്ങിനെയും
രണ്ടാക്കി വിഭജിക്കുകയുണ്ടായി.
ലാൻഡർ ബാങ്കുകൾ എന്നറിയപ്പെടുന്ന ഒൻപതു്
പ്രാദേശികകേന്ദ്ര ബാങ്കുകളുടെയും
അവയുടെയെല്ലാം തലവനായി
ബാങ്ക്ഡ്യൂഷേലാൻഡറിന്റെയും
രൂപീകരണത്തോടെ പഴയ റീഷ്
ബാങ്കിന്റെ അധികാരങ്ങൾ തികച്ചും
വികേന്ദ്രീകരിക്കപ്പെടുകയുണ്ടായി. വീണ്ടും
പരിവർത്തനങ്ങൾക്കു് വിധേയമായ ജർമൻ
കേന്ദ്രബാങ്കിങ് സമ്പ്രദായം 1957-ൽ പാസ്സാക്കിയ
ഒരു നിയമത്തിലൂടെ ഡ്യൂഷേ
ബൂണ്ടസ് ബാങ്കിനെ കേന്ദ്രബാങ്കായി

അവരോധിക്കുകയും
ലാൻഡർബാങ്കുകളെ അതിന്റെ പ്രധാന
കാര്യാലയങ്ങളാക്കിത്തീർക്കുകയും ചെയ്തു.
ജർമനിയുടെ കേന്ദ്രബാങ്കിങ്
നിയമസംഹിതയനുസരിച്ചു് ഡ്യൂഷേ ബൂണ്ടസ്
ബാങ്ക്
ലോകകേന്ദ്രബാങ്കുകളിൽ ഏററവുമധികം സ്വയം
ഭരണാധികാരങ്ങളോടുകൂടിയ
ഒരു കേന്ദ്രബാങ്കാണെന്നു് നിസ്സംശയം
പറയാവുന്നതാണു്.
 ചുരുക്കത്തിൽ, വിവിധകേന്ദ്രബാങ്കുകളുടെ
ഘടനയിലോ പ്രാവർത്തിക
സംവിധാനത്തിലോ ഐകരൂപ്യം കാണുവാൻ
കഴിഞ്ഞെന്നു വരികയില്ല.
എങ്കിൽകൂടി ഇവയെപ്പററിയുള്ള ഒരു
സൂക്ഷ്മപഠനം ചില വിശാലമായ
നിഗമനങ്ങളിൽ എത്തിച്ചേരുവാൻ നമ്മെ
സഹായിച്ചേക്കാം.
 കേന്ദ്രബാങ്കിന്റെ ആവിർഭാവം മുതലുള്ളതും അതേ
സമയം വളരെ
പ്രാധാന്യമർഹിക്കുന്നവയുമായ ഒരു കേന്ദ്രബാങ്ക്
കർത്തവ്യം, നോട്ടു
ുപുറപ്പെടുവിക്കലിന്റെ കുത്തകാവകാശി എന്ന
നിലയിൽ വർത്തിക്കുക എന്നതാണു്. കൂടാതെ,
ക്രെഡിററ് കൺട്രോളർ (വായ്പ പണ
നിയന്ത്രകൻ), ബാങ്കുകളുടെ ബാങ്ക്,
അന്തിമാഭയ വായ്പാകേന്ദ്രം, കേന്ദ്ര ക്ലീയറിങ്
ബാങ്ക്, സർക്കാരിന്റെ
ബാങ്കർ, ഏജന്റ്, ഉപദേഷ്ടാവ്, രാഷ്ട്രത്തിന്റെ

ംകരുതൽധനസൂക്ഷിപ്പുകാരൻ
എന്നീ കർമങ്ങളും എല്ലാ കേന്ദ്രബാങ്കിങ്
സ്ഥാപനങ്ങളും
ംനിർവഹിക്കുന്നുണ്ടു്.
ഇത്തരുണത്തിൽ ഇന്ത്യൻ കറൻസിയെ
സംബന്ധിച്ച റോയൽക്കമ്മീഷൻ
മുമ്പാകെ ബാങ്ക് ഓഫ്
ഇംഗ്ലണ്ടിന്റെ ഗവർണർ നൽകിയ പ്രസ്താവന
പ്രത്യേകം പരിഗണനയർഹിക്കുന്നു.
അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു
കേന്ദ്രബാങ്കിനു് ‘‘നോട്ടു്
ംപുറപ്പെടുവിക്കലിന്റെ കുത്തകാവകാശം
നൽകണം; നിയമാനുസൃതമായ നോട്ടു
ഉല്പാദനത്തിന്റെയും തിരിച്ചെടുക്കലിന്റെയും
ഏകമാർഗം കേന്ദ്രബാങ്കായിരിക്കണം.
-42-
ആ സ്ഥാപനം സർക്കാർ നീക്കിയിരിപ്പിന്റെ
സൂക്ഷിപ്പുകാരനായിരിക്കണം; രാജ്യത്തു്
നിലവിലുള്ള മററ് ബാങ്കിങ് സ്ഥാപനങ്ങളുടെയും
അവയുടെ ശാഖാകാര്യാലയങ്ങളുടെയും കരുതൽ
സൂക്ഷിപ്പുകാരനായിരിക്കണം.
സർക്കാരിന്റെ ധനകാര്യസംബന്ധിയായ
ആഭ്യന്തരവും വിദേശീയവുമായ
എല്ലാ പ്രവർത്തനങ്ങളുടെയും
കാര്യസ്ഥനായിരിക്കണം.കൂടാതെ, പൊതുവായ
ഭദ്രത ലക്ഷ്യമാക്കിക്കൊണ്ടു് ആഭ്യന്തരമായും
ബാഹ്യമായുമുള്ള സാമ്പത്തികഭദ്രത
ഉറപ്പുവരുത്തുക എന്നതിനു പുറമെ
ആവശ്യാനുസരണം നാണയവ്യാപ്തി

സങ്കോചിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതു് കേന്ദ്രബാങ്കിന്റെ കർത്തവ്യാണു്. ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ അംഗീകൃതബില്ലുകൾ ഡിസ്കൗണ്ടു് ചെയ്തുകൊണ്ടോ തൃപ്തികരമായ ഹ്രസ്വകാലസെക്യൂരിററികളുടെയോ സർക്കാർകടപ്പത്രങ്ങളുടെയോ ഉറപ്പിന്റെ അടിസ്ഥാനത്തിൽ
വായ്പകൾ നൽകിക്കൊണ്ടോ അടിയന്തിര വായ്പകൾ ലഭിക്കുവാനുള്ള ഒരന്തിമാഭയ വായ്പാകേന്ദ്രവുമായിരിക്കണം.''

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ അടിസ്ഥാനപരമായ ഒരു വസ്തുത നമുക്കു് മനസ്സിലാക്കുവാൻ കഴിയും. അതായതു് കേന്ദ്രബാങ്കിങ് സമ്പ്രദായം വാണിജ്യബാങ്കിങ് സമ്പ്രദായങ്ങളിൽ നിന്നും മററു ബാങ്കിങ്
സമ്പ്രദായങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണെന്നും അതിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം പൊതുജനക്ഷേമമാണെന്നും ആണു്. ഒരു വാണിജ്യബാങ്ക്
നടത്തിപ്പിനാവശ്യമായ വൈദഗ്ധ്യം, പ്രായോഗികപരിജ്ഞാനം, വിവേചനാസാമർത്ഥ്യം എന്നിവയിൽ നിന്നു് വളരെയേറെ വ്യത്യസ്തമായ സ്വഭാവ വിശേഷങ്ങളോടുകൂടിയവയാണു് കേന്ദ്രബാങ്കിങ് സ്ഥാപനങ്ങളുടെ കർമങ്ങളും അവയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളും.

വിവേകത്തിന്റെയും
സുരക്ഷിതത്വത്തിന്റെയും തത്വങ്ങൾ ഒരു ബാങ്കിങ്
സ്ഥാപനത്തിനും
നിസ്സാരമായി തള്ളിക്കളയുവാൻ തീർച്ചയായും
സാധ്യമല്ല. പക്ഷേ, ഒരു വാണിജ്യ
ബാങ്കിങ് സ്ഥാപനത്തിന്റെ അന്തിമമായ ലക്ഷ്യം
ലാഭം ആർജ്ജിക്കുക
എന്നതാണല്ലോ. എന്നാൽ, പലപ്പോഴും നഷ്ടത്തിൽ
കലാശിക്കുന്ന
പലതരത്തിലുള്ള പ്രവർത്തനങ്ങൾ പോലും
കേന്ദ്രബാങ്കിങ് സ്ഥാപനങ്ങൾ
ഏറ്റെടുക്കേണ്ടിവരുന്നു. സാമ്പത്തിക ഘടനയുടെ
ഭദ്രതയും രാഷ്ട്രത്തിന്റെ
പൊതുവായ സാമ്പത്തികക്ഷേമവുമായിരിക്കണം
കേന്ദ്രബാങ്കിന്റെ പരമോന്നത
ലക്ഷ്യം.
നോട്ടു പുറപ്പെടുവിക്കൽ കുത്തകാവകാശം
നിയമാനുസൃതമായ നോട്ടു് പുറപ്പെടുവിക്കൽ
കേന്ദ്രബാങ്കിന്റെ
കർത്തവ്യങ്ങളിൽ വളരെയേറെ
പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ഈ കർത്തവ്യം
കേന്ദ്രബാങ്കിൽ കേന്ദ്രീകരിക്കുന്നതിനു് രണ്ടു്
മുഖ്യകാരണങ്ങൾ
ചൂണ്ടിക്കാണിക്കാവുന്നതാണു്.
നോട്ടുപുറപ്പെടുവിക്കുന്നതിൽ ഐകരൂപ്യം
കൈവരുത്തേണ്ടതു് ആവശ്യമാണെന്നുള്ളതാണു്
ഒരു കാരണം. ലാഭം ആർജ്ജിക്കുക എന്ന

പ്രാഥമികലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെട്ട

നിരവധി ബാങ്കിങ്
സ്ഥാപനങ്ങൾക്കു് നോട്ടുപുറപ്പെടുവിക്കലിനു്
അനുവാദം നൽകുകയാണെങ്കിൽ
ക്രമവിരുദ്ധമായ അമിതപ്രസിദ്ധീകരണത്തിനു്
സാധ്യതകളേറിയിരിക്കുമെന്നുള്ളതാണു്
രണ്ടാമത്തെ കാരണം. കൂടാതെ, സർക്കാരുമായി
അടുത്ത ബന്ധമുള്ള
കേന്ദ്രബാങ്കിങ് സ്ഥാപനത്തിന്റെ ഈ
കുത്തകാവകാശം നോട്ടുകൾക്കു്
്സ്പഷ്ടമായ
ഒരു അന്തസ്സു് നേടിക്കൊടുക്കുമെന്നുള്ളതും
തർക്കമററ വസ്തുതയാണു്.
നോട്ടുകളിന്മേൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം
തൻമൂലം വർധിക്കുമെന്നുള്ളതു്
പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. എല്ലാററിനും
പുറമെ, നിയമാനുസൃതമായ
നോട്ടുപുറപ്പെടുവിക്കൽ വ്യവസായ-വാണിജ്യ
വ്യാപ്തിക്കനുസൃതമായി
വ്യതിയാനപ്പെടുത്തുവാനുള്ള കേന്ദ്രബാങ്കിന്റെ
കഴിവിന്മേലാണു് നാണയനിയന്ത്രണം
സ്ഥിതിചെയ്യുന്നതു്. അങ്ങനെ
നാണയനിയന്ത്രണാധികാരം
നൽകപ്പെട്ടിരിക്കുന്ന കേന്ദ്രബാങ്കിനു് നോട്ടിറക്കൽ
കുത്തകാവകാശവും നൽകുക എന്നതു്
തികച്ചും ഉചിതമായ ഒരു വസ്തുത കൂടിയാണു്.
നോട്ടു പുറപ്പെടുവിക്കലും സർക്കാരും
നോട്ടു പുറപ്പെടുവിക്കുന്നതിന്റെ അവകാശം
സർക്കാരിൽ
്നിക്ഷിപ്തമായിരിക്കരുതു് എന്നു്

പറയുവാനുള്ള പ്രധാനകാരണം, ഇതു്
അമിതമായി നോട്ടു
പുറപ്പെടുവിക്കുന്നതിനു് വഴിതെളിച്ചേക്കും
എന്നതു കൊണ്ടാണു്. കിഷിന്റെയും
എൽകിൻസിന്റെയും വാക്കുകൾ ശ്രദ്ധിക്കുക:
്‘‘ഒററയ്ക്കോ
ഒന്നോ അതിൽ കൂടുതൽ ബാങ്കിങ്
സ്ഥാപനങ്ങളുമായി ഒത്തുചേർന്നോ
്നോട്ടു
പുറപ്പെടുവിക്കാനുള്ള അവകാശം സർക്കാരിനു്
വിട്ടുകൊടുക്കുകയാണെങ്കിൽ
അവികലമായ സാമ്പത്തികാവശ്യങ്ങളും രാഷ്ട്രീയ
പരിഗണനകളും ഇന്നല്ലെങ്കിൽ
നാളെ നിർണായക ഘടകങ്ങളായിത്തീരുവാൻ
സാധ്യതകളുണ്ടു്.’’ കൂടാതെ
‘‘കാലാകാലങ്ങളിൽ ഭരണം നടത്തുന്ന സർക്കാർ
ധനകാര്യധർമങ്ങളിൽ
മുറുകെപ്പിടിക്കുകയാണെങ്കിൽ നോട്ടു
പുറപ്പെടുവിക്കൽ അമിതമായി സങ്കോച-
വികാസക്ഷമതയില്ലാത്തതായിത്തീരുവാനും
എന്നാൽ
സാമ്പത്തികപരാധീനതകൾ കാരണം
അച്ചടിയന്ത്രത്തിന്റെ ആകർഷണത്തെ
ചെറുക്കുവാൻ
കഴിവില്ലാത്ത ഒരു ഭരണകൂടമാണെങ്കിൽ നോട്ടു
പുറപ്പെടുവിക്കൽ അമിതമായ
സങ്കോച-വികാസക്ഷമതയുള്ളതായിത്തീരുവാനും
സാധ്യതകളുണ്ടു്.’’*
അതുകൊണ്ടു് നോട്ടുപുറപ്പെടുവിക്കൽ സർക്കാർ

സ്വയം കയ്യടക്കി
ംവയ്ക്കുന്നതിനേക്കാൾ നല്ലതു് സർക്കാരിന്റെ
പൊതുവായ മേൽനോട്ടത്തിൻ കീഴിൽ ഈ
ചുമതല കേന്ദ്രബാങ്കിങ് സ്ഥാപനത്തെ
ഏൽപ്പിക്കുന്നതാണു്. ക്രെഡിററ്
കൺട്രോളർ എന്ന നിലയിൽ കേന്ദ്രബാങ്ക്
നടത്തുന്ന
ംപ്രവർത്തനങ്ങളെ കൂടുതൽ
--------------------
* കിഷ് ആൻഡു് എൽകിൻസു്: സെൻട്രൽ
ബാങ്ക്സു്.

സുഗമമാക്കുവാനും കാര്യക്ഷമമാക്കുവാനും ഇതു്
വഴിതെളിക്കും. അമിതമായി
നോട്ടു പുറപ്പെടുവിക്കുന്നതിനു് കേന്ദ്രബാങ്കിന്റെ
മേൽ സർക്കാരിനു്
ംസമ്മർദം
ചെലുത്താമെന്നുള്ളതു് വാസ്തവം തന്നെയാണു്
എങ്കിൽകൂടിയും, സർക്കാർ
ംപിന്തുടരുന്ന തെററായ
നാണയ-ധനകാര്യനയങ്ങൾക്കെതിരെ കേന്ദ്ര
ബാങ്കിൽ
നിന്നുമുണ്ടാകുന്ന ചെറുത്തുനിൽക്കലിലൂടെ
ഉത്ഭൂതമാകുന്ന ധാർമിക ശക്തി ആ
സ്ഥാനത്തെ നോട്ടുപുറപ്പെടുവിക്കൽ ചുമതല
ഏൽപ്പിക്കുന്നതിൽ നിന്നും
ംലഭ്യമാകുന്ന ഒരു മേന്മയായി
എടുത്തുപറയാവുന്നതാണു്.
നോട്ടു പുറപ്പെടുവിക്കൽ തത്വങ്ങൾ

നോട്ടു് പ്രസിദ്ധികരണത്തെ
സംബന്ധിച്ചിടത്തോളം രണ്ടു് വ്യത്യസ്ത
തത്വങ്ങളാണു് നിലവിലുള്ളതു്-കറൻസീതത്വവും
ബാങ്കിങ് തത്വവും.
കറൻസിതത്വമനുസരിച്ചു് നിയമാനുസൃതമായ
നോട്ടു് പുറപ്പെടുവിക്കലിന്റെ
മൊത്തം വ്യാപ്തി കേന്ദ്രബാങ്കിന്റെ കൈവശമുള്ള
സ്വർണസംഭരണത്തേക്കാൾ
കൂടുവാൻ പാടില്ല. ഇതു് നോട്ടുകളുടെ പരിപൂർണ
പരിവർത്തനക്ഷമത
ഉറപ്പുവരുത്തുന്നു. ഈ തത്വത്തിന്റെ പ്രധാന
വക്താക്കൾ സർ റോബർട്ടു്
പീൽ, ലോർഡു് ഓവർസ്റേറാൺ,
കേണൽ റെറാറൻസു് എന്നിവരായിരുന്നു.
1844-ലെ
പീൽസു് നിയമം ഈ തത്വത്തിന്റെ പ്രായോഗിക
പ്രതിഫലനമായിരുന്നുവെന്നു്
പറയാവുന്നതാണു്. ഈ തത്വത്തിന്റെ
വക്താക്കളുടെ
അഭിപ്രായമനുസരിച്ചു് ഈ സമ്പ്രദായത്തിൽ
നോട്ടുകളുടെ വ്യാപ്തി വികസിക്കുകയും
സങ്കോചിക്കുകയും ചെയ്യുന്നതു്
ലോഹനാണയങ്ങൾ
പ്രചരണത്തിലിരിക്കുമ്പോഴത്തെ അവസ്ഥയ്ക്ക്
തുല്യമായിരിക്കും. അങ്ങനെ കറൻസിതത്വം
നോട്ടുകളുടെ
പരമാവധി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. പക്ഷേ
ഈ സമ്പ്രദായത്തിൽ്
നോട്ടുകളുടെ സങ്കോച-വികാസക്ഷമത തീരെ

കുറവാണു്.
വാണിജ്യ-വ്യവസായാവശ്യങ്ങളുടെ ചോദനത്തെ
ഒട്ടും പരിഗണിക്കാതെ സ്വർണത്തിന്റെ
ചോദനത്തിൽ മാത്രം
ആസ്പദമാക്കിയിരിക്കുകയാണു്
നോട്ടുപുറപ്പെടുവിക്കൽ
സമ്പ്രദായം. കൂടാതെ ഈ തത്വം വാണിജ്യബാങ്കിങ്
സ്ഥാപനങ്ങൾക്കു്
വായ്പാപണസൃഷ്ടിക്കുള്ള പ്രവർത്തനാധികാരം
തീരെ
കണക്കിലെടുക്കുന്നുമില്ല. ചുരുക്കത്തിൽ,
വായ്പാപണത്തിന്റെ അസ്തിത്വവും ചില പ്രത്യേക
കാലഘട്ടങ്ങളിൽ കൂടുതലായ നാണയപ്രചരണം
അഭികാമ്യമായിരിക്കുമെന്ന
വസ്തുതയും അവഗണിക്കുന്നവരെ
സംബന്ധിച്ചിടത്തോളം നോട്ടു്
പുറപ്പെടുവിക്കലിന്റെ കറൻസിതത്വം സുഗമവും
സരളവുമായി തോന്നിയേക്കാം.
ബാങ്കിങ് തത്വത്തിന്റെ പ്രണേതാക്കൾ
ഇതിനെതിരായ ഒരു
വീക്ഷണമാണു് സ്വീകരിച്ചിട്ടുള്ളതു്. അവരുടെ
അഭിപ്രായപ്രകാരം നോട്ടു
പുറപ്പെടു

വിക്കലിനു് ആധാരമായി നൂറു ശതമാനം
സ്വർണക്കരുതൽധനം
പരിപാലിക്കേണ്ട യാതൊരാവശ്യവുമില്ല. നൂറു
ശതമാനം സ്വർണക്കരുതൽധനം
സൂക്ഷിക്കണമെന്നു് നിഷ്കർഷിക്കുന്നതായാൽ

നോട്ടു് പുറപ്പെടുവിക്കൽ
സമ്പ്രദായത്തിന്റെ സങ്കോച-വികാസക്ഷമതയെ
അതു് പ്രതികൂലമായി ബാധിക്കുകയും
അങ്ങനെ രാഷ്ട്രത്തിന്റെ ഉല്പാദനക്ഷമതയെ
നിർവീര്യമാക്കുകയും
ചെയ്യുവാൻ
സാധ്യതകളുണ്ടു്. അതേസമയം നോട്ടുകളുടെ
മേന്മ നിലനിർത്തുവാൻ
അവയുടെ പരിവർത്തനക്ഷമത
ഉറപ്പുവരുത്തണമെന്നു് അവർ
നിർബന്ധിക്കുന്നുണ്ടു്. ഇതിനു വേണ്ടി നൂറു
ശതമാനം സ്വർണക്കരുതൽധനം
സൂക്ഷിക്കേണ്ട ആവശ്യമില്ല. കാരണം, അമിതമായി
പുറപ്പെടുവിക്കപ്പെട്ട നോട്ടുകൾ
മാത്രമേ പരിവർത്തനം ചെയ്യപ്പെടുകയുള്ളു.
തൻമൂലം മൊത്തം
പുറപ്പെടുവിക്കപ്പെട്ട നോട്ടുുകളുടെ ഒരു
ചുരുങ്ങിയ അനുപാതം സ്വർണമേ
കരുതൽധനമായി
പരിപാലിക്കേണ്ട ആവശ്യമുള്ളു. അപ്പോഴും
പരിവർത്തനക്ഷമത
ഉറപ്പുവരുത്തുവാൻ കഴിയുന്നു.
ഈ തത്വത്തിന്റെ പ്രധാന മെച്ചം നോട്ടു
പുറപ്പെടുവിക്കൽ വാണിജ്യ-
വ്യവസായാവശ്യങ്ങൾക്കു് അനുയോജ്യമായ
രീതിയിൽ സങ്കോചിക്കുകയും
വികസിക്കുകയും ചെയ്യുന്നു എന്നുള്ളതാണു്.
അതേസമയം
പരിവർത്തനക്ഷമത പരിപാലിക്കണമെന്ന ആവശ്യം

നോട്ടുപുറപ്പെടുവിക്കൽ സമ്പ്രദായത്തെ ക്രമവൽക്കരിക്കുകയും ചെയ്യുന്നു. കൂടാതെ അമിതമായി നോട്ടുപുറപ്പെടുവിക്കുന്നതിനുള്ള സാധ്യതകൾ ഈ സമ്പ്രദായത്തിൽ തുലോം കുറവുമാണു്. കാരണം, വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുപരി പ്രചരണത്തിലിരിക്കുന്ന നോട്ടുകൾ പരിവർത്തനത്തിനായി കേന്ദ്രബാങ്കിൽ തിരികെ വരുമെന്നുള്ളതാണു്.

ഈ അവസരത്തിൽ ബാങ്കിങ് തത്വത്തിന്റെ ഒരു പ്രധാന ന്യൂനത ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. പരിവർത്തനക്ഷമത ഉറപ്പു വരുത്തുവാൻ മൊത്തം നോട്ടുകളുടെ ഒരു ചെറിയ അനുപാതമെങ്കിലും കരുതൽ സംഭരണമെന്ന നിലയിൽ സ്വർണമായി സൂക്ഷിക്കേണ്ടതാവശ്യമാണല്ലോ. അമിതമായി പുറപ്പെടുവിക്കപ്പെട്ട നോട്ടുകളുടെ മൊത്തം വ്യാപ്തി ഈ കരുതൽസംഭരണത്തേക്കാൾ കൂടുതലാണെങ്കിൽ അവയെ പരിവർത്തനം ചെയ്തുകൊടുക്കുവാൻ കേന്ദ്രബാങ്കിനു് സാധ്യമല്ലാതെവരും. ഉദാഹരണമായി, മൊത്തം പുറപ്പെടുവിക്കപ്പെട്ട നോട്ടുകളുടെ വ്യാപ്തി 10,000 രൂപയാണെന്നും കരുതൽസംഭരണം 100 രൂപ മൂല്യം വരുന്ന സ്വർണവുമാണെന്നു് കരുതുക. മുൻപു് വിവരിച്ച വാദഗതിയനുസരിച്ചു് അമിതമായി പുറപ്പെടുവിക്കപ്പെട്ട നോട്ടുകൾ

പരിവർത്തനം ചെയ്യപ്പെടുവാൻ വേണ്ടി
കേന്ദ്രബാങ്കിൽ ഹാജരാക്കുമല്ലോ.
അമിതമായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള
നോട്ടുകളുടെ മൊത്തം വ്യാപ്തി 150
രൂപയാണെന്നു് സങ്കൽപിക്കുക. ന്യായമായും 150
രൂപയുടെ നോട്ടുകൾ
-46-
പരിവർത്തനം ചെയ്യപ്പെടുവാൻ വേണ്ടി
കേന്ദ്രബാങ്കിൽ ഹാജരാക്കപ്പെടും.
ഈ പരിതസ്ഥിതിയിൽ കേന്ദ്രബാങ്കിനു് അവർ
പുറപ്പെടുവിച്ച നോട്ടുകളുടെ
പരിവർത്തനക്ഷമത നേരിടുവാൻ വൈഷമ്യം
അനുഭവപ്പെടും. കാരണം,
കരുതൽസംഭരണം 100 രൂപ മൂല്യംവരുന്ന
സ്വർണവും പരിവർത്തനം
ചെയ്യപ്പെടുവാൻ വേണ്ടി ഹാജരാക്കപ്പെടുന്ന
നോട്ടുകൾ 150
ുരൂപയ്ക്കുള്ളതുമാണു്.
അങ്ങനെ നോട്ടുകൾ അമിതമായി
പുറപ്പെടുവിക്കുകയാണെങ്കിൽ നോട്ടുകളുടെ
പരിവർത്തനക്ഷമതയെ അതു് പ്രതികൂലമായി
ബാധിക്കുകയും തദ്വാര
നോട്ടുകളിലന്മേലുള്ള പൊതുജനവിശ്വാസത്തിനു്
ആഘാതമേൽപ്പിക്കുകയും ചെയ്യും.
ഇതു് ആത്യന്തികമായി നാണയപരമായ
അസന്തുലിതാവസ്ഥയ്ക്കു
വഴിയൊരുക്കിയേക്കും.
മുകളിൽ നടത്തിയ വിശകലനത്തിൽ നിന്നും നാം
എത്തിച്ചേരുന്ന

നിഗമനം ഇതാണു്. കറൻസിതത്വവും ബാങ്കിങ് തത്വവും അതേപടി അംഗീകരിക്കുവാൻ അർഹമല്ല. പൊതുജനവിശ്വാസത്തിനു് കോട്ടം തട്ടാതെയും നാണയപരമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കാതെയും പ്രചാരത്തിലിരിക്കുന്ന നോട്ടുകളുടെ സങ്കോച-വികാസക്ഷമത പാലിക്കേണ്ടതാവശ്യമാണു്. ഒരർഥത്തിൽ വീക്ഷിച്ചാൽ ബാങ്കിങ്തത്വം സങ്കോച-വികാസക്ഷമതയെയും കറൻസിതത്വം പൊതുജനവിശ്വാസത്തെയും ഉറപ്പുവരുത്തുന്നു. അതേസമയം തന്നെ, ബാങ്കിങ് തത്വം നോട്ടു് പുറപ്പെടുവിക്കൽ സമ്പ്രദായത്തെ നാണയപരമായ പ്രതിസന്ധികൾക്കു് വിധേയമാക്കുവാനും കറൻസിതത്വം നോട്ടു പുറപ്പെടുവിക്കൽ സമ്പ്രദായത്തെ സങ്കോച-വികാസക്ഷമതയില്ലാതാക്കിത്തീർക്കുവാനും സാധ്യതകളുണ്ടു്.

നോട്ടു പുറപ്പെടുവിക്കൽ സമ്പ്രദായങ്ങൾ കറൻസിതത്വത്തിന്റെയും ബാങ്കിങ് തത്വത്തിന്റെയും മേന്മകളെ സമന്വയിച്ചുകൊണ്ടു് വിവിധ രാഷ്ട്രങ്ങൾ വ്യത്യസ്ത നോട്ടു പ്രസിദ്ധീകരണ ◌സമ്പ്രദായങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്.

ഭാഗികഫൈഡ്യൂഷ്യറിസമ്പ്രദായം,
പരമാവധി ഫൈഡ്യൂഷ്യറി സമ്പ്രദായം,
ആനുപാതികറിസർവ് സമ്പ്രദായം,

മിനിമം റിസർവ് സമ്പ്രദായം,
വിദേശവിനിമയറിസർവ് സമ്പ്രദായം
എന്നിവയാണു് ഇവയിൽ പ്രധാനപ്പെട്ടവ.
ഭാഗികഫെഡ്യൂഷ്യറി സമ്പ്രദായപ്രകാരം ഒരു
നിശ്ചിത സംഖ്യവരെ
സർക്കാർ കടപ്പാത്രങ്ങളെ ആധാരമാക്കി നോട്ടുകൾ
പുറപ്പെടുവിക്കാൻ
വ്യവസ്ഥ
ചെയ്തിരിക്കുന്നു. ഈ പരിധിക്കപ്പുറം നോട്ടുകൾ
പുറപ്പെടുവിക്കണെ
-47-
മെങ്കിൽ നൂറു ശതമാനവും സ്വർണമായിത്തന്നെ
കരുതൽധനസംഭരണം
ഉണ്ടായിരിക്കേണ്ടതാണു്. 1844-ലെ പീൽസ്
നിയമപ്രകാരം ഈ സമ്പ്രദായം
ആദ്യമായി സ്വീകരിച്ചതു്. ഇംഗ്ലണ്ടിലായിരുന്നു.
പരിവർത്തനക്ഷമതയ്ക്കു
യാതൊരു വിധത്തിലും കോട്ടം സംഭവിക്കാതെയും
അതേ സമയം സ്വർണം
കരുതൽധനമായി സൂക്ഷിക്കുന്നതിൽ നിന്നും ഒരു
പരിധി വരെ
വിമുക്തിനേടുകയും ചെയ്യുക എന്ന
ലക്ഷ്യത്തോടെയാണു് സർക്കാർ കടപ്പത്രങ്ങളുടെ
ആധാരത്തിൽ ഒരു നിശ്ചിത തുക വരെ നോട്ടു
പുറപ്പെടുവിക്കാനുള്ള അധികാരം
നൽകിയിരിക്കുന്നതു്. എല്ലായ്പ്പോഴും
പ്രചാരത്തിലുണ്ടായിരിക്കുമെന്നു്
ഉറപ്പുള്ള നോട്ടുകളുടെ വ്യാപ്തി
കണക്കിലെടുത്തുകൊണ്ടാണു് ഈ തുക

നിജപ്പെടുത്തുന്നതു്. ഇതു് ഏററവും ചുരുങ്ങിയ പരിധിയായി
ഒതുക്കിനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നു.
ഈ സമ്പ്രദായത്തിനു് രൂക്ഷമായ വിമർശനങ്ങൾ നേരിടേണ്ടതായിവന്നു.
വിമർശകരുടെ അഭിപ്രായമനുസരിച്ചു് വാണിജ്യ-വ്യവസായാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ ഭാഗികഫൈഡ്യൂഷ്യറി സമ്പ്രദായത്തിനു് സാധ്യമല്ല.
അതുകൊണ്ടു തന്നെ നോട്ടു പുറപ്പെടുവിക്കൽ സമ്പ്രദായം
സങ്കോച-വികാസക്ഷമതയില്ലാത്തതായിത്തീരുകയും ചെയ്യുന്നു. മറിച്ചു്, ഈ
സമ്പ്രദായത്തെ അനുകൂലിക്കുന്നവരുടെ അഭിപ്രായപ്രകാരം പരിവർത്തനക്ഷമത ഉറപ്പു വരുത്തുമെന്നതുകൊണ്ടു് നോട്ടുകളിന്മേൽ പൊതുജനങ്ങൾക്കു് തികഞ്ഞ
വിശ്വാസം ഉണ്ടാക്കുവാൻ വഴിതെളിക്കും.
അതോടൊപ്പം അമിതമായി നോട്ടു പുറപ്പെടുവിക്കുവാനുള്ള സാധ്യതകൾ ഇല്ലായ്മ ചെയ്യുവാനും കഴിയും.
ഭാഗികഫൈഡ്യൂഷ്യറി സമ്പ്രദായം സ്വീകരിച്ചതിനെത്തുടർന്നു്
ഇംഗ്ലണ്ടിലുണ്ടായ സംഭവവികാസങ്ങൾ ഈ സമ്പ്രദായത്തിന്റെ സങ്കോച-
വികാസക്ഷമതയില്ലായ്മ തെളിയിക്കുന്ന തരത്തിലുള്ളതായിരുന്നു. സ്വർണം കരുതൽധനമായി സൂക്ഷിക്കാതെയുള്ള നോട്ടു

പുറപ്പെടുവിക്കലിന്റെ പരിധി
വർധിപ്പിക്കുവാനുള്ള അധികാരം
നൽകപ്പെട്ടുകൊണ്ടു് പരമാവധി
ഫൈഡ്യൂഷ്യറിസമ്പ്രദായം-1928-ൽ ഇംഗ്ലണ്ടു്
സ്വീകരിക്കുകയുണ്ടായി. നിയമ
നിർമാണസഭയെ അറിച്ചുകൊണ്ടു് ഇതു്
പ്രാവർത്തികമാക്കുവാനുള്ള
അധികാരം ഇപ്പോഴും നിലവിലുണ്ടു്. മററൊരു
തരത്തിൽ പറയുകയാണെങ്കിൽ,
പുതിയ സമ്പ്രദായത്തിൽ
സ്വർണക്കരുതൽധനത്തിൽ അധിഷ്ഠിതമല്ലാത്ത
നോട്ടുകൾ പുറപ്പെടുവിക്കാനുള്ള പരിധി
മാറിവരുന്ന
പരിതസ്ഥിതികൾക്കനുസരണമായി ഒരു പരമാവധി
പരിധിയായിട്ടാണു് ഇപ്പോൾ
നിജപ്പെടുത്തിയിട്ടുള്ളതു്. അങ്ങനെ, ഇന്നു്
ഇംഗ്ലണ്ടിൽ നിലവിലുള്ള
സമ്പ്രദായമനുസരിച്ചു് സ്വർണത്തിന്റെ
പ്രദാനവുമായി മാത്രം ബന്ധപ്പെടുത്താതെ
വാണിജ്യ
-48-
വ്യവസായാവശ്യങ്ങൾക്കനുസരണമായി നോട്ടു
പുറപ്പെടുവിക്കലിനെ
ബന്ധപ്പെടുത്തിക്കൊണ്ടു് നോട്ടു പുറപ്പെടുവിക്കൽ
സമ്പ്രദായം
സങ്കോച-വികാസക്ഷമതയുള്ളതാക്കി
തീർത്തിരിക്കുന്നു.
 മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടു് നോട്ടു
പുറപ്പെടുവിക്കൽ

്സമ്പ്രദായങ്ങളും ഒന്നു തന്നെയാണെന്നു് ഒററനോട്ടത്തിൽ തോന്നാമെങ്കിലും അവ തമ്മിൽ കാതലായ വ്യത്യാസമുണ്ടെന്നുള്ളതാണു് വാസ്തവം. ഭാഗിക ഫൈഡ്യൂഷ്യറി സമ്പ്രദായത്തിൽ സ്വർണക്കരുതൽ ധനസംഭരണമില്ലാതെ പുറപ്പെടുവിക്കുവാൻ കഴിയുന്ന നോട്ടുകളുടെ പരിധി ഏററവും ചുരുങ്ങിയതും സ്ഥിരവുമാണെന്നിരിക്കുമ്പോൾ പരമാവധി ഫൈഡ്യൂഷ്യറി സമ്പ്രദായത്തിൽ ഈ പരിധി പരമാവധിയും കാലാനുസൃതമായി വ്യതിയാനം വരുന്ന തരത്തിലുള്ളതുമാണു്.

1866-നും 1913-നും ഇടയ്ക്കു അമേരിക്കൻ ഐക്യനാടുകളിൽ മറെറാരു നോട്ടു പുറപ്പെടുവിക്കൽ സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഈ സമ്പ്രദായത്തിൻ കീഴിൽ, ഫെഡറൽ സർക്കാരിന്റെ കടപ്പത്രങ്ങളെ ആധാരമാക്കി അവയുടെ ഉറപ്പിൻമേൽ നോട്ടുകൾ പുറപ്പെടുവിക്കുവാൻ നാഷണൽ ബാങ്കുകൾക്കു് അധികാരം നൽകിയിരുന്നു. അങ്ങനെ ബാങ്കുനോട്ടുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തിയിരുന്നുവെന്നുള്ളതു് ശരിതന്നെ. പക്ഷേ നോട്ടു പുറപ്പെടുവിക്കലിന്റെ സങ്കോച-വികാസക്ഷമത അതോടെ തകർന്നുപോയി എന്നുള്ളതായിരുന്നു മറെറാരുവശം. അതിനാൽ

1913-ൽ ആനുപാതികറിസർവ്
സമ്പ്രദായം സ്വീകരിക്കുവാൻ ആ രാഷ്ട്രം
നിർബന്ധിതമായി.
ആനുപാതിക റിസർവ് സമ്പ്രദായത്തിൽ മൊത്തം
പുറപ്പെടുവിക്കുന്ന
നോട്ടുകളുടെ അനുപാതത്തിൽ സ്വർണം
കേന്ദ്രബാങ്ക്
സൂക്ഷിക്കേണ്ടിയിരിക്കുന്നു. മിച്ചമുള്ള നോട്ടുകൾ
മററ് സെക്യൂരിററികളാൽ
ഉറപ്പുവരുത്തേണ്ടതുമാണു്. ആദ്യമായി
ജർമനിയാണു് ഈ സമ്പ്രദായം നിലവിൽ
വരുത്തിയതു്.മൊത്തം പുറപ്പെടുവിക്കുന്ന
നോട്ടുകളുടെ മൂന്നിലൊരു ഭാഗം
സ്വർണക്കരുതൽധനമായി
സൂക്ഷിക്കണമെന്നായിരുന്നു ജർമനിയിൽ
അനുശാസിക്കപ്പെട്ടിരുന്നതു്. ബാക്കി നോട്ടുകൾ
മൂന്നു മാസത്തിനകം കാലാവധിയില്ലാത്ത
ഡിസ്കൗണ്ടു് ചെയ്യപ്പെട്ടിട്ടുള്ള ബില്ലുകളുടെ
ഉറപ്പിന്മേലും ചുരുക്കം ചില
വ്യതിയാനങ്ങളോടെ ഈ സമ്പ്രദായം
തന്നെയാണു് 1913-ൽ അമേരിക്കൻ
ഐക്യനാടുകളിലും
ആവിഷ്കരിക്കപ്പെട്ടതു്.1913-ലെ ഫെഡറൽറിസർവ്
നിയമമനുസരിച്ചു് പ്രചാരത്തിലുള്ള മൊത്തം
ഫെഡറൽ റിസർവ്
നോട്ടുകളുടെ 40 ശതമാനം
സ്വർണക്കരുതൽധനമായി ഫെഡറൽറിസർവ്
ബാങ്കുകൾ
പരിപാലിച്ചിരിക്കണമെന്നു് അനുശാസിച്ചിരുന്നു.

ധനനിയമമനുസരിച്ചു് ഈ കരുതൽധനം.
സ്വർണസാക്ഷ്യപത്രങ്ങളായി
സൂക്ഷിച്ചാൽ മതിയാകുന്നതാണു്. 1945-ലെ
നിയമം ഈ വ്യവസ്ഥകളിൽ
ചില ഭേഗഗതികൾ വരുത്തിക്കൊണ്ടു് 40 ശതമാനം
സ്വർണക്കരുതൽധനമെന്നതു് 25 ശതമാനമാക്കി
ചുരുക്കുകയുണ്ടായി.
 നോട്ടുപുറപ്പെടുവിക്കലിന്റെ
സങ്കോച-വികാസക്ഷമത ഉറപ്പുവരുത്തുന്നു
എന്നുള്ളതാണു് ഈ സമ്പ്രദായത്തിന്റെ
മുഖ്യസവിശേഷത. അനാവശ്യമായ
കാർക്കശ്യങ്ങളൊന്നുമില്ലാതെ രാഷ്ട്രത്തിന്റെ
വാണിജ്യ-വ്യവസായാവശ്യങ്ങൾക്കനുസരണമായി
പണത്തിന്റെ പ്രദാനം ഉറപ്പുവരുത്തുന്ന ഒരു
സമ്പ്രദായമാണിതു്. ഒന്നാം
ലോകമഹായുദ്ധത്തിനു് ശേഷമുള്ള
കാലഘട്ടത്തിൽ
നിലവിൽ വന്ന നിരവധി കേന്ദ്രബാങ്കുകൾ ഈ
സമ്പ്രദായം സ്വീകരിച്ചു
എന്നുള്ളതു് ഇതിന്റെ സവിശേഷതയെ
ചൂണ്ടിക്കാണിക്കുന്നു. ഈ
സമ്പ്രദായം ഭാരതത്തിനു് അനുയോജ്യമാണെന്നു്
ഹിൽട്ടൺ യംഗ് കമ്മീഷൻ
അഭിപ്രായപ്പെട്ടിരുന്നതു് ഇത്തരുണത്തിൽ
പ്രസ്താവ്യമാണു്.
 എന്നാൽ, ആനുപാതിക റിസർവ് സമ്പ്രദായം
തികച്ചും

കുററമററതാണെന്നു് പറഞ്ഞുകൂടാ. സ്വർണം നിഷ്ക്രിയമായി സൂക്ഷിക്കേണ്ടിവരുന്നു എന്നുള്ളതാണു് ഇതിന്റെ ഒരു പോരായ്മ. അതേസമയം ആനുപാതികമായി സൂക്ഷിക്കുന്ന കരുതൽധനത്തിലൂടെ നോട്ടുകൾക്കു് പരിപൂർണ പരിവർത്തനക്ഷമത നൽകുവാൻ കഴിയുകയുമില്ല. ഈ പോരായ്മയെ സംബന്ധിക്കുന്ന സരസമായ ഒരുദാഹരണം നൽകപ്പെട്ടിട്ടുണ്ടു്. റെയിൽവേ സ്ററേഷനു് സമീപം യാത്രക്കാരെ വാടകയ്ക്കു കൊണ്ടുപോകുന്ന ഒരു ◌മോട്ടോർ വാഹനമെങ്കിലും എപ്പോഴും ഉണ്ടായിരിക്കണമെന്നു് അനുശാസിക്കുന്ന നിയമത്തോടു് താരതമ്യപ്പെടുത്തിക്കൊണ്ടാണു് ഈ ഉദാഹരണം ആരംഭിക്കുന്നതു്. ഈ നിയമത്തിന്റെ ഉദ്ദേശ്യം എന്താണു്? ആ സ്ററേഷനിൽ ഇറങ്ങുന്ന യാത്രക്കാരൻ ആ സ്ററേഷനിൽ ഇറങ്ങുന്നുവെന്നു് വിചാരിക്കുക. ◌നിയമപരമായ കർത്തവ്യം അനുഷ്ഠിക്കുവാൻ ഒരു കാറും അവിടെയുണ്ടെന്നു കരുതുക. പക്ഷേ യാത്രക്കാരനു് ഈ കാർ ഉപയോഗിക്കുവാൻ സാധ്യമല്ല. കാരണം, ഒരു കാറെങ്കിലും എപ്പോഴും റെയിൽവേസ്ററേഷൻ പരിസരത്തു് ഉണ്ടായിരിക്കണമെന്നുള്ളതാണല്ലോ നിയമം. ഇതുപോലെ തന്നെ, മൊത്തം

പുറപ്പെടുവിക്കപ്പെട്ട നോട്ടുകളുടെ
ആനുപാതികമായി സ്വർണക്കരുതൽധനം
സൂക്ഷിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണു്?
നോട്ടുകളുടെ പരിവർത്തനക്ഷമത
ഉറപ്പു
വരുത്തുകയാണല്ലോ ഇതിന്റെ ലക്ഷ്യം.
ഇതോടൊപ്പം ഒരു േകന്ദ്രബാങ്ക്
പുറപ്പെടുവിച്ചിട്ടുള്ള മൊത്തം നോട്ടുകളും ഒരേ
സമയത്തു്
പരിവർത്തനത്തി
-50-
നായി കേന്ദ്രബാങ്കിൽ
ഹാജരാക്കപ്പെടുകയില്ലന്നുള്ളതു്
സാമാന്യബുദ്ധിക്കു
നിരക്കുന്നതാണല്ലോ. ആനുപാതികകരുതൽധനം 50
ശതമാനമാണെന്നിരിക്കട്ടെ. 50 ശതമാനം നോട്ടുകൾ
പരിവർത്തനം ചെയ്യുവാൻ ഈ കരുതൽ
ധനം മതിയാകും. എന്നാൽ പ്രായോഗികമായി
ഇതു് സാധ്യമല്ല. ഒരൊററ
നോട്ടുപോലും പരിവർത്തനം ചെയ്യുവാൻ
കേന്ദ്രബാങ്കിനു്
സാധിക്കുകയില്ലായെന്നുള്ളതാണു്
പ്രായോഗികപരമാർഥം. നമ്മുടെ കേന്ദ്രബാങ്ക് ഈ
സമ്പ്രദായമാണു് പിൻതുടരുന്നതെന്നു്
സങ്കൽപ്പിക്കുക. പുറപ്പെടുവിക്കപ്പെട്ട
നോട്ടുകളുടെ മൊത്തം വ്യാപ്തി 100
രൂപയാണെന്നും ആനുപാതിക കരുതൽധനം
50 ശതമാനമാണെന്നും കൂടി സങ്കൽപ്പിക്കുക.
അപ്പോൾ 50 രൂപയ്ക്കു

തുല്യമായ സ്വർണകരുതൽധനം കൈവശമുള്ള
കേന്ദ്രബാങ്കിനു് ഒരു രൂപ
പരിവർത്തനം ചെയ്യുവാൻ വിഷമമൊന്നും
ഉണ്ടാവുകയില്ല. പക്ഷേ
പ്രായോഗികമായി അതു് കേന്ദ്രബാങ്കിനു്
സാധ്യമാവുകയില്ല. കാരണം, ഒരു
രൂപയ്ക്കു തുല്യമായ സ്വർണം നൽകിക്കഴിഞ്ഞാൽ
മിച്ചമുള്ള കരുതൽധനം
49 രൂപയ്ക്കു തുല്യമായ സ്വർണം മാത്രമാണു്.
അതേ സമയം
പ്രചാരത്തിലുള്ള നോട്ടുകൾ 99 രൂപയും. നിയമം
അനുശാസിക്കുന്നതു്
പ്രചാരത്തിലിരിക്കുന്ന നോട്ടുകളുടെ 50 ശതമാനം
അതായതു് 49.5 രൂപയ്ക്കു
തുല്യമായ സ്വർണക്കരുതൽധനം
ഉണ്ടായിരിക്കണമെന്നുള്ളതാണു്.
ചുരുക്കത്തിൽ, ആനുപാതികറിസർവ്
സമ്പ്രായത്തിനു് പരിവർത്തനക്ഷമത
കൈവരുത്തുവാൻ സാധ്യമല്ല തന്നെ.
പരമാവധി ചുരുങ്ങിയ തോതിൽ സ്വർണം
കരുതൽധനമായി
സൂക്ഷിച്ചുകൊണ്ടു് നോട്ടു്
പുറപ്പെടുവിക്കുവാനുള്ള അധികാരം
കേന്ദ്രബാങ്കിനു്
നൽകുകയെന്നുള്ളതാണു് മിനിമം
റിസർവ്സമ്പ്രദായത്തിൽ അവലംബിക്കുന്നതു്.
വിദേശവിനിമയറിസർവ് സമ്പ്രദായത്തിൽ
സ്വർണത്തിനു് പകരം വിദേശ
വിനിമയം കരുതൽധനമായി

സൂക്ഷിക്കണമെന്നാണു് നിയമം. ഇതു്
രണ്ടും കൂടിച്ചേർന്ന ഒരു സമ്പ്രദായമാണു് ഇന്നു്
ഭാരതത്തിൽ
നിലവിലുള്ളതു്. ഇതിനെക്കുറിച്ചു് കൂടുതൽ
അന്യത്ര പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്.
കരുതൽധനവും നാണയനിയന്ത്രണവും
ഇന്നു് നിലവിലുള്ള സാഹചര്യങ്ങളിൽ
കർക്കശമായ സ്വർണക്കരുതൽ
ധനസമ്പ്രദായത്തെ ആസ്പദമാക്കി നോട്ടുകൾ
പുറപ്പെടുവിക്കേണ്ടതിന്റെ
ആവശ്യകതയെയും ഉദ്ദേശ്യത്തെയും
സംബന്ധിച്ചു് വളരെയധികം
ആക്ഷേപങ്ങൾ പല മണ്ഡലങ്ങളിൽ നിന്നും
ഉയർന്നു വന്നിട്ടുണ്ട്. ഒരു
ാരാഷ്ട്രത്തിന്റെ

നാണയത്തിന്മേലുള്ള പൊതുജന വിശ്വാസം ആ
രാഷ്ട്രത്തിലെ കേന്ദ്രബാങ്ക്
സൂക്ഷിക്കുന്ന സ്വർണക്കരുതൽ ധനത്തിലാണോ
ആസ്പദമായിരിക്കുന്നതു്?
അല്ലെങ്കിൽ, തൻമൂലം നാണയത്തിന്റെ ഭദ്രതയ്ക്കു
കൂടുതലായി എന്തെങ്കിലും
ഉറപ്പു് കൈവരുത്തുവാൻ സാധ്യമാണോ? ഈ
ചേദ്യങ്ങൾ അപഗ്രഥിച്ചു
കൊണ്ടുള്ള ഒരു പഠനം പ്രയോജനപ്രദമായിരിക്കും.
നാണയത്തിന്മേലുള്ള പൊതുജന വിശ്വാസം
പരിരക്ഷിക്കുവാൻ
കഴിയുമെന്നതിന്റെ അടിസ്ഥാനത്തിലാണു്
സ്വർണക്കരുതൽധനത്തെ

ആസ്പദമാക്കി നോട്ടുപുറപ്പെടുവിക്കൽ സമ്പ്രദായം സംവിധാനപ്പെടുത്തണമെന്നു
പറയുന്നതിന്റെ മുഖ്യകാരണം. പക്ഷേ, ഇന്നു് നിലവിലുള്ള
പരിതസ്ഥിതികളിൽ ഒരു കേന്ദ്രബാങ്ക് സൂക്ഷിക്കുന്ന സ്വർണക്കരുതൽ ധനത്തിൽ
ാമാത്രമാണു്
പൊതുജനവിശ്വാസം.
അധിഷ്ഠിതമായിരിക്കുന്നതെന്നു് പറയുന്നതു് തികച്ചും
ശരിയായിരിക്കുകയില്ല. ഒരാധുനികകേന്ദ്രബാങ്ക് പാപ്പരാകുക എന്നതു്
തികച്ചും അസംഭാവ്യമാണു്. ആവശ്യമായ എല്ലാ സന്ദർഭങ്ങളിലും ഒരു
കേന്ദ്രബാങ്കിനോടൊപ്പം അതാതു് സർക്കാരുകൾ തീർച്ചയായും ഉണ്ടായിരിക്കും. ഈ
സന്ദർഭത്തിൽ ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ ഭദ്രതയെ സംബന്ധിക്കുന്ന ചില
പരാമർശങ്ങൾ ഒരു നൂററാണ്ടിനു മുൻപ് തന്നെ വാൾടർ ബേജ് ഹോട്ടു്
നടത്തിയിട്ടുള്ളതു് തികച്ചും പ്രസക്തമാണു്.
’’.....ബാങ്കോ
ബാങ്കിങ് വിഭാഗമോ പാപ്പരാകുക എന്ന ഒരാശയം പോലും ഒരാളുടെയും
മനസ്സിൽ ഇന്നുവരെ ഉദിക്കുക പോലും ഉണ്ടായിട്ടില്ല;
ആംഗലേയരാഷ്ട്രത്തിന്റെ തന്നെ
പരിസമാപ്തിയായിട്ടായിരിക്കും അതിനെ ഭൂരിപക്ഷം

ജനങ്ങളും വീക്ഷിക്കുന്നതു്.'' ബാങ്ക് ഓഫ് ഇംഗ്ലണ്ടിനെക്കുറിച്ചു് നടത്തിയ ഈ പരാമർശങ്ങൾ ഇന്നു് മററു് കേന്ദ്രബാങ്കുകൾക്കും ബാധകമാണു്. ഒരു രാഷ്ട്രത്തിന്റെ ഭരണകൂടം നിലനിൽക്കുന്നിടത്തോളം കാലം അവിടത്തെ കേന്ദ്രബാങ്കിന്റെ പ്രവർത്തനങ്ങളും അഭംഗുരം തുടരുന്നതായിരിക്കും.

്കഴിഞ്ഞ
കാലാനുഭവങ്ങൾ ഈ പൊതുജന വിശ്വാസത്തെ തികച്ചും തെളിയിക്കുന്ന തരത്തിലുളളവയാണു്. ഉദാഹരണമായി, ലോകമഹായുദ്ധത്തിന്റ ആവിർഭാവത്തോടെ ബാങ്ക് ഓഫ് ഇംഗ്ലണ്ടു് തങ്ങളുടെ പക്കലുണ്ടായിരുന്ന മൊത്തം സ്വർണക്കരുതൽധനം വിദേശവിനിയമ സമീകരണനിധിയിലേക്കു് കൈമാററം ചെയ്യുകയുണ്ടായി. പക്ഷേ, ഇതുമൂലം പൊതുജനങ്ങൾക്കു് നാണയത്തിൽ ഉണ്ടായിരുന്ന വിശ്വാസത്തിനു് യാതൊരു കോട്ടവും സംഭവിക്കുകയുണ്ടായില്ല. ആ രാഷ്ട്രത്തിലെ നിയമമനുസരിച്ചു്, ഫൈഡ്യൂഷ്യറി സീമക്കപ്പുറം പുറപ്പെടുവിക്കുന്ന നോട്ടുകളെ സംബന്ധിച്ചിടത്തോളം നൂറുശതമാനം സ്വർണക്കരുതൽധനം സൂക്ഷിക്കണമെന്നു് നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും, വ്യവസായ-വാണിജ്യാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ പരിധിക്കു് കാലാകാലങ്ങളിൽ

ഉചിതമായ വ്യതിയാനങ്ങൾ വരുത്തുന്നതു് കൊണ്ടു് യഥാർഥത്തിൽ സ്വർണക്കരുതൽധനം സൂക്ഷിക്കേണ്ട ആവശ്യം ബാങ്ക് ഓഫ് ഇംഗ്ലണ്ടിനു് നേരിടാറില്ല.

ചുരുക്കത്തിൽ, ഇന്നു് ബാങ്ക് ഓഫ് ഇംഗ്ലണ്ട് പുറപ്പെടുവിക്കുന്ന ◌നോട്ടുകൾ സ്വർണക്കരുതൽ ധനത്തിൽ അധിഷ്ഠിതമല്ലായെന്നു് തന്നെ വേണം പറയുവാൻ. 1939-സെപ്തംബറിൽ 58 കോടി പവനായിരുന്ന ഫൈഡ്യൂഷ്യറി സീമ 1961-ഏപ്രിൽ ആയപ്പോഴേക്കും 232.5 കോടി പവനായി ഉയരുകയുണ്ടായി. 1.5 കോടിയിലധികരിക്കാത്ത സ്വർണവും വെള്ളിയുമാണു് ബാങ്കിന്റെ അധീനതയിലുള്ളതെന്നുള്ള വസ്തുത പവനിന്മേലുള്ള പൊതുജനവിശ്വാസത്തിനോ ആ നാണയത്തിന്റെ ഭദ്രതയ്ക്കോ യാതൊരു കോട്ടവും വരുത്തുകയുണ്ടായില്ല. ലോകത്തിലേററവും കൂടുതൽ സ്വർണനിക്ഷേപം കൈവശമുണ്ടെന്നഭിമാനിക്കാവുന്ന അമേരിക്കൻ ഐക്യനാടുകൾ 1945-ൽ സ്വർണക്കരുതൽധനത്തിന്റെ അനുപാതം 40 ശതമാനത്തിൽ നിന്നു് 25 ശതമാനമായി കുറച്ചിട്ടും ഡോളറിന്റെ ഭദ്രതയ്ക്കു യാതൊരിളക്കവും സംഭവിക്കുകയുണ്ടായില്ല എന്നതു് മറെറാരുദാഹരണമാണു്.

നോട്ടുപുറപ്പെടുവിക്കലിനെ
സംബന്ധിച്ചിടത്തോളം 1956-ൽ റിസർവ് ബാങ്ക്
ഓഫ് ഇന്ത്യാ നിയമത്തിൽ വരുത്തിയ
ഭേദഗതിയും ഈ അവസരത്തിൽ
സ്മരണീയമാണു്. ആനുപാതിക റിസർവ്
സമ്പ്രദായത്തിൽ നിന്നു് മിനിമം റിസർവ്
സമ്പ്രദായത്തിലേക്കുള്ള
വ്യതിചലനമാണു് ഇതിൽ മുഖ്യമായതു്.
നാണയത്തിന്റെ സങ്കോച-വികാസ
ക്ഷമത ഉറപ്പുവരുത്തുവാൻ വേണ്ടി കർക്കശമായ
സ്വർണക്കരുതൽധനത്തിൽ
നിന്നു് വിമുക്തമായ നോട്ടു പുറപ്പെടുവിക്കൽ
സമ്പ്രദായം സ്വീകരിച്ചുപോന്ന
സമകാലീന
ആഗോളപ്രവണതകൾക്കനുസരണമായിട്ടാണു്
ഭാരതവും ഈ
നടപടി സ്വീകരിച്ചത്.

അമിതമായി നോട്ടു പുറപ്പെടുവിക്കുവാനുള്ള
പ്രവണത തടയുവാനും
അങ്ങനെ വിലക്കയററം തടഞ്ഞു നിർത്തുവാനും
കാർക്കശ്യമേറിയ സ്വർണ
റിസർവ് സമ്പ്രദായത്തിനേ സാധ്യമാകൂ
എന്നതാണു് സ്വർണക്കരുതൽധനം
സൂക്ഷിക്കണമെന്നു് ശഠിക്കുന്നതിന്റെ മറെറാരു
കാരണം. പക്ഷേ,
വിലക്കയററത്തെ തടഞ്ഞുനിർത്തുവാൻ
പ്രധാനമായും സഹായകമാവുക
കേന്ദ്രബാങ്കിന്റെ
വായ്പാനിയന്ത്രണോപാധികളാണു്.

വാണിജ്യബാങ്കിങ്
സ്ഥാപനങ്ങളുടെ വായ്പാസൃഷ്ടിയുടെ
പ്രചുരപ്രചാരം ഈ പ്രസ്താവനയുടെ
നിജസ്ഥിതി എളുപ്പത്തിൽ മനസ്സിലാക്കുവാൻ
സാധിക്കും. കൂടാതെ, സ്വർണ
റിസർവ് സമ്പ്രദായം കർക്കശമായി
പരിപാലിച്ചുപോന്നാൽ രാഷ്ട്രത്തിനു്
ആവശ്യമായ സന്ദർഭങ്ങളിൽ നാണയത്തിന്റെ
പ്രദാനം വികസിപ്പിക്കുവാൻ
കേന്ദ്രബാങ്കിനു് വൈഷമ്യം നേരിടും.
അതോടൊപ്പം അന്തിമാഭയവായ്പാ

കേന്ദ്രമെന്ന നിലയ്ക്കു കേന്ദ്രബാങ്ക്
നിർവഹിക്കേണ്ടതായ
കർത്തവ്യത്തിനു്
വൈകല്യവും സംഭവിക്കും.

ചുരുക്കിപ്പറയുകയാണെങ്കിൽ, കർക്കശമായ
സ്വർണക്കരുതൽധന
വ്യവസ്ഥകളിന്മേൽ ആസ്പദമാക്കിയുള്ള
നോട്ടുപുറപ്പെടുവിക്കൽ സമ്പ്രദായം ഇന്നു്
നിലവിലുള്ള
പരിതസ്ഥിതികൾക്കനുസരണമാണെന്നു്
പറയുവാൻ സാധ്യമല്ല.
മറിച്ചു്, രാഷ്ട്രത്തിന്റെ
വ്യവസായ-വാണിജ്യാവശ്യങ്ങളെ പൂർണമായും
നേരിടുവാൻ തക്കവണ്ണം
സങ്കോച-വികാസക്ഷമതയുള്ള ഒരു
നോട്ടുപുറപ്പെടുവിക്കൽ സമ്പ്രദായമാണു്
ഇന്നത്തെ ആവശ്യം. കേന്ദ്രബാങ്കിന്റെ

കൈവശമുള്ള
സ്വർണക്കരുതൽധനം
അന്താരാഷ്ട്രവ്യാപാരശിഷ്ടത്തിലുണ്ടാകുന്ന
കമ്മിനികത്തുവാൻ ഉപകരിക്കുമെന്നുള്ളതു
വാസ്തവമാണു്. പക്ഷേ,
നോട്ടുപുറപ്പെടുവിക്കലിനു് ആധാരമായി
സൂക്ഷിക്കുന്ന നൈയാമിക കരുതൽധനം
ഇതിനുപകരിക്കുമെന്നു് വാദിക്കുന്നതു് തികച്ചും
നിരർഥകമാണു്. കാരണം നൈയാമിക
കരുതൽധനം കേന്ദ്രബാങ്കിന്റെ കൈവശം
എപ്പോഴും ഉണ്ടായിരിക്കേണ്ടതും
ഇതു് മററാവശ്യങ്ങൾക്കു്
ലഭ്യമല്ലായെന്നുമുള്ളതാണു്. അതുകൊണ്ടു്,
നൈയാമികകരുതൽധനത്തിനുപരി സ്വർണ
കേന്ദ്രബാങ്ക് സൂക്ഷിക്കുന്നുണ്ടെങ്കിൽ
മാത്രമേ
അന്താരാഷ്ട്രവ്യാപാരശിഷ്ടത്തിലുണ്ടാകുന്ന കമ്മി
നികത്തുവാനുപകരിക്കൂ. മറെറാരു
തരത്തിൽപ്പറഞ്ഞാൽ
നൈയാമികകരുതൽധനത്തിനേക്കാളേറെ,കേന്ദ്രബാ
ങ്കിന്റെ കൈവശമുള്ള അധിക
കരുതൽധനത്തിനാണു്
പ്രായോഗികമായി പ്രാധാന്യമുള്ളതു്.
വായ്പാനിയന്ത്രണം
നാണയനിയന്ത്രണത്തോടു് എത്രയും
ബന്ധപ്പെട്ടു് നിൽക്കുന്നതാണു്
കേന്ദ്രബാങ്കിന്റെ വായ്പാനിയന്ത്രണകർമങ്ങൾ.
വാണിജ്യബാങ്ക്
വായ്പകളുടെ പ്രചാരത്തോടെ ഈ കർമത്തിന്റെ

പ്രാധാന്യവുമേറി വന്നു. വായ്പാ
സൃഷ്ടിയിലൂടെ ഒരു വാണിജ്യബാങ്കിങ്
സ്ഥാപനത്തിനു് സമൂഹത്തിലെ
മൊത്തം പണത്തിന്റെ പ്രദാനം ഏതു് തരത്തിൽ
വർധിപ്പിക്കുവാൻ
സാധിക്കുമെന്നു് മുൻപൊരപഗ്രഥനത്തിൽ നാം
കണ്ടുവല്ലോ. ഇപ്രകാരം
വായ്പാനിർമാണം നടത്തി ഫലപ്രദമായ
ക്രയശക്തി വർധിപ്പിക്കുവാനുള്ള കഴിവു്
വാണിജ്യബാങ്കിങ് സ്ഥാപനങ്ങളിൽ മാത്രം
ഒതുങ്ങിനിൽക്കുന്നില്ലായെന്നുള്ളതു്
ശരിതന്നെയാണു്. ഉടനടി പണം നൽകാതെ തന്നെ
വ്യവസായികൾക്കും വ്യവസായസ്ഥാപനങ്ങൾക്കും
ചരക്കുകൾ വാങ്ങുവാൻ
സാധ്യമാണല്ലോ. ഈ വസ്തുതകൾ
കേന്ദ്രബാങ്കിന്റെ വായ്പാനിയന്ത്രണകർമങ്ങളെ
പ്രതികൂലമായി ബാധിക്കുകതന്നെ ചെയ്യും. പക്ഷേ,
ഇതുകൊണ്ടൊന്നും
രാഷ്ട്രത്തിൽ സാമ്പത്തികതുലനത
കൈവരുത്തുവാനുള്ള യത്നങ്ങളിൽ നിന്നും
കേന്ദ്ര

ബാങ്ക് പിൻവാങ്ങുക എന്ന പ്രശ്നമേയില്ല.
മാറിവരുന്ന
സാഹചര്യങ്ങൾക്കനുസരണമായി ചിട്ടപ്പെടുത്തിയ
ധനകാര്യനയങ്ങളിൽ കൂടിയും മുതൽമുടക്ക്
നിയന്ത്രണങ്ങളിൽ കൂടിയും ഈ യത്നങ്ങളുടെ
ആക്കം വർധിപ്പിക്കുവാൻ
സർക്കാരിനു് കഴിയും. കൂടാതെ,

വിദേശവിനിമയനിയന്ത്രണങ്ങൾക്കും
അവയുടേതായ
സംഭാവനകൾ ഈ വഴിക്കു് നൽകുവാൻ
സാധിക്കുന്നതാണു്.
 വായ്പാനിയന്ത്രണകർമങ്ങളുടെ
പ്രാഥമികലക്ഷ്യത്തെപ്പററി
വിഭിന്നാഭിപ്രായങ്ങൾ ഉണ്ടു്.
വിദേശവിനിമയനിരക്കു് ഉറപ്പുവരുത്തുക
എന്നതാണു്
ഇതിന്റെ മുഖ്യ ഉദ്ദേശ്യം എന്നു് ചില
സാമ്പത്തികവിദഗ്ധന്മാർ
ചൂണ്ടിക്കാണിക്കുമ്പോൾ, ആന്തരികമായ
വിലനിലവാരം ദൃഢമാക്കുക
എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യമെന്നു് മററു
ചിലർ അഭിപ്രായപ്പെടുന്നു.
ബിസിനസ് ചക്രങ്ങളെ ഇല്ലായ്മ ചെയ്യുക
എന്നതാണു് വായ്പാനിയന്ത്രണങ്ങളുടെ
പ്രാഥമികലക്ഷ്യമെന്നു് വാദിക്കുന്നവരുമുണ്ടു്.
അന്തർദേശീയ വിദേശ വിനിമയ
നിരക്കിന്റെ ഉറപ്പു് കൈവരുത്തുന്നതോടൊപ്പം
യഥാർഥ വരുമാനസ്ഥിരതയും
പൂർണതൊഴിൽ സ്ഥിതിയും ഉറപ്പു വരുത്തുന്ന
രീതിയിൽ
വായ്പാനിയന്ത്രണങ്ങൾ
ചിട്ടപ്പെടുത്തണമെന്നാണു്
ഔദ്യോഗികസാമ്പത്തിക മണ്ഡലങ്ങളിൽ
ഇന്നു് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നതു്.
വായ്പാനിയന്ത്രണോപാധികൾ
 മുകളിൽ പ്രതിപാദിക്കപ്പെട്ട ലക്ഷ്യങ്ങൾ

കൈവരുത്തുവാൻ
ംകേന്ദ്രബാങ്ക്
വിഭിന്ന തരത്തിലുള്ള നിയന്ത്രണോപാധികൾ
പ്രയോഗിച്ചുവരുന്നുണ്ടു്.
അവയിൽ മുഖ്യമായവ താഴെ പറയുന്നവയാണു്.

1. ബാങ്ക് നിരക്ക് സമ്പ്രദായം–വായ്പാസൃഷ്ടിയിൽ സുപ്രധാന പങ്കുവഹിക്കുന്ന കമ്പോളപലിശനിരക്കിനെ നിയന്ത്രിക്കുവാൻവേണ്ടി കേന്ദ്രബാങ്കിന്റെ ഡിസ്കൗണ്ടു് നിരക്കുകളിൽ വ്യതിയാനം വരുത്തുക.
2. പരസ്യ കമ്പോളപ്രവർത്തനങ്ങൾ–പ്രചാരത്തിലിരിക്കുന്ന മൊത്തം പണത്തിന്റെ തോതു് സ്വാധീനിക്കുവാൻ വേണ്ടി പരസ്യകമ്പോളത്തിൽ സെക്യൂരിററികളുടെ ക്രയവിക്രയം നടത്തുക.
3. കരുതൽധനാനുപാതവ്യതിയാനങ്ങൾ–വായ്പാസൃഷ്ടിക്കുള്ള വാണിജ്യബാങ്കിങ് സ്ഥാപനങ്ങളുടെ കഴിവു് നിയന്ത്രിക്കുവാൻ വേണ്ടി ഈ സ്ഥാപനങ്ങൾ കേന്ദ്രബാങ്കിൽ സൂക്ഷിക്കേണ്ടതായ കരുതൽധനത്തോതിൽ വ്യതിയാനങ്ങൾ വരുത്തുക.
4. വിവേചനപരമായ വായ്പാനിയന്ത്രണങ്ങൾ–പ്രത്യേക മാർഗങ്ങളിലേക്കു് വായ്പകളുടെ ഗതി തിരിച്ചുവിടുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ

ഏർപ്പെടുത്തുക.
-55-
5. വായ്പാ റേഷനിങ്-മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ട
ലക്ഷ്യങ്ങൾക്കനുസരണമായി സഹായം അർഹിക്കുന്ന മണ്ഡലങ്ങളിലേക്കു് വായ്പകളുടെ ഗതി നിയന്ത്രിക്കുന്നതിനു് ഓരോ ബാങ്കിനും നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെ തോതു് തിട്ടപ്പെടുത്തുക.
6. ധാർമികപ്രേരണ-വാണിജ്യബാങ്കിങ് സ്ഥാപനങ്ങളുടെ
വായ്പാനയങ്ങളെ സ്വാധീനിക്കുവാൻ വേണ്ടി സൗഹാർദപരമായ പ്രേരണകളും നിർദേശങ്ങളും നൽകുക.
7. നേരിട്ടുള്ള നിയന്ത്രണം-തുടർച്ചയായി കേന്ദ്രബാങ്കിനെ
ധിക്കരിക്കുന്ന
ബാങ്കിങ്സ്ഥാപനങ്ങളെ ശിക്ഷിക്കുവാൻ വേണ്ടിയുള്ള നടപടികൾ.

ചില പ്രായോഗിക പ്രതിബന്ധങ്ങൾ

മുകളിൽ സമാഹരിക്കപ്പെട്ട നിയന്ത്രണോപാധികൾ എപ്പോഴും ഉദ്ദേശിച്ചഫലങ്ങൾ ഉളവാക്കണമെന്നില്ല. ഇതിനു കാരണമായി കേന്ദ്രബാങ്കുകൾക്കു്
നേരിടേണ്ടതായ നിരവധി
പ്രായോഗികപ്രതിബന്ധങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.
1. ഒന്നാമതായി, താഴ്ന്നുകൊണ്ടിരിക്കുന്ന വിലനിലവാരത്തെ പിടിച്ചു

നിർ്ത്തുവാൻ കേന്ദ്രബാങ്കിനുള്ള കഴിവ് തികച്ചും പരിമിതമാണു്.
കേന്ദ്രബാങ്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചാലും പൊതുജനങ്ങളെ മുതൽ മുടക്കിൽ നിന്നും പിൻതിരിപ്പിക്കുവാൻ ഫലപ്രദമായി സാധ്യമല്ല. അതേ സമയം, വിലക്കയററത്തിൽ നിന്നും സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ കേന്ദ്രബാങ്കിനു് കുറെകൂടി എളുപ്പത്തിൽ കഴിയും.
ബാങ്കുനിരക്കു്
ിവർധിപ്പിച്ചു
കൊണ്ടോ മററു് തരത്തിലുള്ള വായ്പാനിയന്ത്രണോപാധികൾ വഴി വാണിജ്യ ബാങ്കുകളുടെ വായ്പാസൃഷ്ടിശേഷിയെ പരിമിതപ്പെടുത്തിക്കൊണ്ടോ വായ്പാമൂല്യം വർധിപ്പിക്കുന്നതു് വഴി ഇതു് സാധീതമാക്കുവാൻ കഴിയും.
എന്നാൽ സാമ്പത്തികമാന്ദ്യം അനുഭവപ്പെടുമ്പോൾ വായ്പാ
നിയന്ത്രണോപാധികൾ എത്രത്തോളം ഫലപ്രദമാകുമെന്നുള്ളതു് സംശയാസ്പദമാണു്.

2. കേന്ദ്രബാങ്കിന്റെ നയങ്ങൾ വിജയിക്കണമെന്നുണ്ടെങ്കിൽ
ികഴിയുന്നതും
ആദ്യഘട്ടങ്ങളിൽത്തന്നെ നിയന്ത്രണോപാധികൾ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. കാലതാമസം നേരിടുകയാണെങ്കിൽ സാമ്പത്തികമാന്ദ്യമോ വിലക്കയററമോ നിയന്ത്രണാതീതമായിത്തീരുവാൻ സാധ്യതയുണ്ടു്.

പ്രായോഗികമായി കമ്പോളഗതി കൃത്യമായി
അനുമാനിക്കുവാൻ കേന്ദ്രബാങ്കിനു് കുറെ
സമയം ആവശ്യമായിരിക്കും. ആവശ്യമായ
സ്ഥിതിവിവരക്കണക്കുകൾ
വിപണിയിൽ നിന്നു് സമാഹരിച്ചെടുത്തു്
അവയെ വളരെ സൂക്ഷ്മമായ
-56-
അപഗ്രഥനത്തിനു് വിധേയമാക്കിക്കൊണ്ടു്
വേണം കമ്പോളഗതി
മനസ്സിലാക്കുവാൻ. ഇതിനുവേണ്ടിവരുന്ന
കാലതാമസത്തിനുള്ളിൽ
തുടക്കത്തിലുണ്ടായിരുന്ന അസന്തുലിതാവസ്ഥ
ശക്തിയാർജിച്ച് കൂടുതൽ
കർക്കശമായിത്തീരുവാൻ ഇടയുണ്ടു്. രോഗം
മൂർച്ഛിച്ചു് നില വഷളായിത്തീരുമ്പോൾ പരിഹാരം
തേടുന്നതിലും ഭേദം രോഗാരംഭത്തിൽത്തന്നെ
വേണ്ട ശുശ്രൂഷകൾ
നൽകുകയെന്നതാണല്ലോ.

3. ഇതിനോടനുബന്ധമായി മറ്റൊരു
പ്രായോഗികവൈഷമ്യം കൂടിയുണ്ടു്.
ശരിയായ സന്ദർഭത്തിൽത്തന്നെ കേന്ദ്രബാങ്കിനു്
കമ്പോളഗതിയെക്കുറിച്ചു്
യഥാർഥവിവരം ലഭിച്ചുവെന്നു് സങ്കൽപ്പിക്കുക.
പക്ഷേ
അസന്തുലിതാവസ്ഥയുടെ ആരംഭത്തിനും അതു്
പരിഹരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള
നിയന്ത്രണോപാധികൾ ഏർപ്പെടുത്തിക്കൊണ്ടു്
കമ്പോളത്തെ ശരിയായ
രൂപത്തിൽ ചിട്ടപ്പെടുത്തുന്നതിനും ഇടയ്ക്കുള്ള

കാലതാമസം അനിവാര്യമാണു്.
അതോടൊപ്പം മറെറാരു സ്ഥിതിവിശേഷം കൂടി
സംജാതമാകുവാൻ ഇടയുണ്ടു്.
കേന്ദ്രബാങ്കിന്റെ നയങ്ങൾ ഫലപ്രദമായ രീതിയിൽ
കമ്പോളത്തിൽ
പ്രതിഫലിച്ചു തുടങ്ങുമ്പോഴേക്കും ഈ നയങ്ങൾ
പ്രാവർത്തികമാക്കുവാൻ
െതീരുമാനിച്ച
സമയത്തു് നിലവിലിരുന്ന കമ്പോളഗതിയിൽ
ശ്രദ്ധേയമായ വ്യതിയാനങ്ങൾ
സംഭവിക്കുവാൻ സാധ്യതയുണ്ടു്. ഒരുദാഹരണം
നമുക്കു് പരിശോധിക്കാം.
നിലവിലുള്ള കമ്പോളഗതി
സാമ്പത്തികമാന്ദ്യത്തെയാണു്
സൂചിപ്പിക്കുന്നതെന്നു് കരുതുക. പ്രചാരത്തിലുള്ള
മൊത്തം പണത്തിന്റെ വ്യാപ്തി
വികസിപ്പിച്ചു കൊണ്ടു് ഇതു്
നേരിടുവാനാവശ്യമായ നയം കേന്ദ്രബാങ്കു്
സ്വീകരിക്കുമല്ലോ. ഈ നയം ഫലപ്രദമായ
രീതിയിൽ പണവിപണിയിൽ അനുഭവപ്പെട്ടു
തുടങ്ങുമ്പോഴേക്കും സാമ്പത്തിക മാന്ദ്യം
പണപ്പെരുപ്പത്തിനും
വിലക്കയററത്തിനും വഴിമാറിക്കൊടുത്തു എന്നു്
സങ്കൽപ്പിക്കുക. ഇങ്ങനെയുള്ള
െസാഹചര്യങ്ങളിൽ കേന്ദ്രബാങ്ക് അവലംബിച്ച
നയം ഗുണത്തേക്കാളേറെ ദോഷമായിരിക്കും
ഫലം ചെയ്യുന്നതു്.
മറെറാരു വസ്തുത കൂടി ഇവിടെ
ശ്രദ്ധിക്കേണ്ടതായുണ്ടു്.

നിയന്ത്രണോപാധികൾ ഫലത്തിൽ വരുമ്പോഴേക്കും കമ്പോളഗതിയിൽ വ്യതിയാനങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിൽ കൂടി തക്കസമയത്തു് കേന്ദ്രബാങ്ക്നയങ്ങളിൽ വേണ്ട ്വ്യതിയാനങ്ങൾ വരുത്തിയില്ലെങ്കിൽ വീണ്ടും ഫലം ഉദ്ദേശിച്ചിരുന്നതിൽ
്നിന്നു്
വിഭിന്നമായിതീരും. ഉദാഹരണമായി, സാമ്പത്തികമാന്ദ്യം തടയുവാൻ കേന്ദ്ര ബാങ്ക് ഒരു നാണയവികസനനയം അവലംബിച്ചുവെന്നിരിക്കട്ടെ. തക്കസമയത്തു് ഈ നയം കടിഞ്ഞാണിടാതെ അനസ്യൂതം തുടരുകയാണെങ്കിൽ സാമ്പത്തികമാന്ദ്യം പരിഹരിക്കുന്നതിനുമപ്പുറം വിലക്കയററത്തിലായിരിക്കും അതു് ചെന്നവസാനിക്കുന്നതു്. അങ്ങനെ സമ്പദ്വ്യവസ്ഥയെ ഒരസന്തുലിതാവസ്ഥയിൽ നിന്നും മറെറാരസന്തുലിതാവസ്ഥയിലേക്കു് തള്ളിവിടുക എന്ന ഫലമാണു് കേന്ദ്രബാങ്ക്നയത്തിൽ നിന്നും ആത്യന്തികമായി ഉണ്ടായിരിക്കുന്നതു്.

-57-

4. ഇതിനെല്ലാം പുറമേ, നിലവിലുള്ള കമ്പോളഗതിക്കു് എതിരായി ചില നയങ്ങൾ അവലംബിക്കുവാൻ കേന്ദ്രബാങ്ക് നിർബന്ധിതമാകാറുണ്ടു്. ഉദാഹരണമായി, പണപ്പെരുപ്പസാഹചര്യങ്ങൾ മൂലം ഒററനോട്ടത്തിൽ വളരെ

ഊർജസ്വലമാണെന്നു് തോന്നിക്കുന്ന
സാമ്പത്തികമണ്ഡലത്തിൽ
ഇതിനെതിരായ ഒരു നയം സ്വീകരിക്കുവാൻ
കേന്ദ്രബാങ്കിനു് തീരുമാനമെടുക്കേണ്ടി
വരും. ഈ തീരുമാനത്തിനെതിരെ കടുത്ത
പൊതുജനാഭിപ്രായം പൊന്തി
വരുവാൻ ഇടയുണ്ടു്. പൊതുജനാഭിപ്രായത്തെ
മാനിക്കുവാൻ ബാധ്യസ്ഥരായ
ജനാധിപത്യവ്യവസ്ഥയിലുള്ള ഒരു സർക്കാർ ഒരു
പക്ഷേ ഈ നയത്തിൽ
അതൃപ്തിപ്രകടിപ്പിച്ചുവെന്നും വരാം. പക്ഷേ
രാഷ്ട്രത്തിന്റെ ദീർഘകാല
നന്മയെ കണക്കിലെടുത്തുകൊണ്ടു് ഈ
വിമർശനങ്ങളെയും മറികടന്നു്
പ്രവർത്തിക്കുവാൻ ഒരു കേന്ദ്രബാങ്കിനു്
വളരെയധികം ധൈര്യം വേണ്ടിയിരിക്കുന്നു.

5. വാണിജ്യബാങ്ക് വായ്പകൾക്കു പുറമെ മററു്
വിവിധതരത്തിലുള്ള
വായ്പാസൗകര്യങ്ങളുടെ സാന്നിധ്യവും
കേന്ദ്രബാങ്കിന്റെ
നിയന്ത്രണോപാധികളുടെ കാര്യക്ഷമതയെ
പ്രതികൂലമായി ബാധിക്കും. വാണിജ്യബാങ്ക്
വായ്പകളെ സംബന്ധിച്ചിടത്തോളം ഈ
നിയന്ത്രണോപാധികൾ തികച്ചും
കാര്യക്ഷമമമാണെന്നു വാദത്തിനു് വേണ്ടി
സമ്മതിക്കുക. എന്നാൽകൂടി
ക്രയശക്തി അധിഷ്ഠിതമായിരിക്കുന്നതു്
ബാങ്ക്‌വായ്പകളിൽ മാത്രമല്ലല്ലോ.
നാടൻ ബാങ്കർമാരും പണവ്യാപാരികളും

സൃഷ്ടിക്കുന്ന വായ്പകൾ,
വ്യാപാരികൾ തമ്മിൽ നടത്തുന്ന
വായ്പായിടപാടുകൾ, ഉല്പന്നവായ്പകൾ
തുടങ്ങിയവയിൽ കേന്ദ്രബാങ്കിനു്
നിയന്ത്രണമൊന്നുമില്ല. അങ്ങനെ
പൊതുവായ്പാനിയന്ത്രണത്തിന്റെ കാര്യത്തിൽ
ബാങ്കിന്റെ വായ്പാ
നിയന്ത്രണണോപാധികൾ ഉദ്ദേശിക്കുന്ന ഫലം
നൽകുകയില്ല.

6. എല്ലാററിനുമുപരി, കേന്ദ്രബാങ്ക്
നിയന്ത്രണോപാധികളുടെ
അന്തിമമായ കാര്യക്ഷമത സ്ഥിതിചെയ്യുന്നതു്
വാണിജ്യബാങ്കുകളുടെ സഹകരണ
മനോഭാവത്തിലാണു്. കേന്ദ്രബാങ്ക്നയങ്ങളെ
അവയുടെ മുഖവിലയ്ക്കു
തന്നെയെടുത്തു് രാഷ്ട്രത്തോടും
പൊതുജനങ്ങളോടുമുള്ള തങ്ങളുടെ കടമ ശരിയാം
വണ്ണം നിറവേററാൻ തയ്യാറുള്ള ഒരു
വാണിജ്യബാങ്ക് ഘടന
നിലവിലുണ്ടെങ്കിൽ മാത്രമേ നിയന്ത്രണോപാധികൾ
തികച്ചും വിജയിക്കൂ.

ചുരുക്കിപ്പറഞ്ഞാൽ, വായ്പാനിയന്ത്രകൻ എന്ന
നിലയ്ക്കു ഒരു
ു കേന്ദ്രബാങ്കിനു് വളരെയധികം
പ്രായോഗികവൈഷമ്യങ്ങൾ നേരിടേണ്ടതായുണ്ടു്.
പക്ഷേ ഇതുകൊണ്ടൊന്നും ഒരാധുനിക കേന്ദ്രബാങ്ക്
അതിന്റെ
കർത്തവ്യങ്ങളെ സൗകര്യപൂർവം
വിസ്മരിച്ചുകളയുമെന്നു് കരുതുവാൻ

നിവൃത്തിയില്ല.
-58-
കേന്ദ്രബാങ്കിന്റെ ആവനാഴിയിലുള്ള വിവിധ വായ്പാനിയന്ത്രണോപകരണങ്ങളെയും അവയുടെ പ്രവർത്തനരീതികളെയും കുറിച്ചു് വിശദമായി, താഴെ
പ്രതിപാദിക്കുന്നു.
ബാങ്ക്നിരക്കു് നയം
ചില പ്രത്യേക ഗുണവിശേഷങ്ങളോടുകൂടിയ വിനിമയബില്ലുകളെ
പുനർഡിസ്കൗണ്ട് ചെയ്യുമ്പോൾ കേന്ദ്രബാങ്ക് വസൂലാക്കുന്ന
നിരക്കിനെയാണു് ''ബാങ്ക്നിരക്ക്'' എന്ന പദം കൊണ്ടു് വിവക്ഷിക്കുന്നതു്.
ഹ്രസ്വകാലആസ്തികളുടെ ഡിസ്കൗണ്ടിൽ കൂടിയും ഉറപ്പിന്മേൽ ആധാരമായ ഹ്രസ്വകാലവായ്പകളിൽകൂടിയും വാണിജ്യബാങ്കിങ് സ്ഥാപനങ്ങൾക്കു് കേന്ദ്രബാങ്കിൽ നിന്നു് ലഭിക്കുന്ന സാമ്പത്തികസഹായത്തിനടിസ്ഥാനമായ വ്യവസ്ഥകളിൽ വരുന്ന വ്യതിയാനങ്ങളെ 'ബാങ്ക് നിരക്കു്നയ'മെന്നു്
വ്യാപകമായ അർഥത്തിൽ വ്യാഖ്യാനിക്കാം.
പണത്തിന്റെ ആത്യന്തികമായ ഉറവിടം കേന്ദ്രബാങ്കാണല്ലോ. അതു
കൊണ്ടുതന്നെ കേന്ദ്രബാങ്ക് ബാങ്കർമാരുടെ ബാങ്കറും അന്തിമമായ വായ്പാ
കേന്ദ്രവുമായി പരിഗണിക്കപ്പെട്ടുവരുന്നു. ഈ നിലകളിൽ മററു് ബാങ്കിങ്

സ്ഥാപനങ്ങളുടെ യഥാർഥ ആവശ്യങ്ങളെ
അത്യാവശ്യസന്ദർഭങ്ങളിൽ
നേരിടേണ്ട കടമ കേന്ദ്രബാങ്കിനുണ്ടു്. അങ്ങനെ
മററു് അംഗബാങ്കുകൾ
കേന്ദ്രബാങ്കിനു് സ്വീകാര്യമായ
വിനിമയബില്ലുകളോ ഹ്രസ്വകാലആസ്തികളോ
ഉറപ്പായി നൽകുവാൻ തയ്യാറാവുകയാണെങ്കിൽ
പുനർഡിസ്കൗണ്ടു്
സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ കേന്ദ്രബാങ്ക്
തയ്യാറായിരിക്കും.
 ഇത്തരത്തിലുള്ള സൗകര്യങ്ങൾ കേന്ദ്രബാങ്ക്
നൽകുമ്പോൾ
ംഅവയ്ക്കൊരു
വില നൽകേണ്ടിവരും. ഈ വിലയെ
സാങ്കേതികമായി
ബാങ്ക്നിരക്കെന്നോ ഡിസ്ക്കൗണ്ടു് നിരക്കെന്നോ
പറയപ്പെടുന്നു. ഊർജസ്വലതയുള്ളതും
പൂർണവികാസം പ്രാപിച്ചതുമായ പണവിപണികൾ
നിലവിലുള്ള
രാഷ്ട്രങ്ങളിൽ ബാങ്കുനിരക്കും കമ്പോളനിരക്കും
തമ്മിൽ ദൃഢവും അഭേദ്യവുമായ
ംഒരു
ബന്ധം കാണാവുന്നതാണു്.
 ബാങ്ക്നിരക്കും കമ്പോളനിരക്കും തമ്മിൽ
നിലവിലുള്ള ഈ ബന്ധം
മൂലം വാണിജ്യബാങ്കുകളുടെ
വായ്പാസൃഷ്ടിയിന്മേൽ നിയന്ത്രണങ്ങൾ
കൈവരുത്തുവാൻ കേന്ദ്രബാങ്കിനു് കഴിയുന്നു.
വളരെ

ലളിതമായിപ്പറയുകയാണെങ്കിൽ, ഉയർന്ന
തോതിലുള്ള ബാങ്ക്നിരക്കു് സമൂഹത്തിൽ
പ്രചാരത്തിലിരിക്കുന്ന മൊത്തം പണത്തിന്റെ
വ്യാപ്തി കുറയ്ക്കുവാനും ഒരു താഴ്ന്ന ബാങ്ക്
നിരക്കു് സമൂഹത്തിൽ പ്രചാരത്തിലിരിക്കുന്ന
മൊത്തം പണത്തിന്റെ വ്യാപ്തി
-59-
വർധിപ്പിക്കുവാനും കാരണമാകുന്നു.
മറെറാരുതരത്തിൽപ്പറഞ്ഞാൽ
പ്രചാരത്തിലിരിക്കുന്ന പണത്തിന്റെ വ്യാപ്തി
അമിതമായെന്നു് കേന്ദ്രബാങ്കിനു്
തോന്നുന്ന സന്ദർഭങ്ങളിൽ ബാങ്ക്നിരക്കു്
വർധിപ്പിക്കും. അതോടൊപ്പം
കമ്പോളനിരക്കുകളിലും വർധന അനുഭവപ്പെടും.
ഉയർന്ന
കമ്പോളനിരക്കുകൾ ബാങ്കിങ് സ്ഥാപനങ്ങളിൽ
നിന്നു് വായ്പകൾ വാങ്ങുന്നതു്
നിരുത്സാഹപ്പെടുത്തുകയും അങ്ങനെ
ബാങ്കുവായ്പകളുടെ വ്യാപ്തി കാര്യമായി
ചുരുക്കുകയും ചെയ്യും. മറിച്ചു, ബാങ്കുനിരക്കു്
താഴ്ത്തുകയാണെങ്കിൽ
ിവാണിജ്യബാങ്കിങ് സ്ഥാപനങ്ങളുടെ
വായ്പാവ്യാപ്തി ഉയരുന്നു.
സ്വർണമാനവ്യവസ്ഥയിൻകീഴിൽ ബാങ്ക്നിരക്കിൽ
വരുത്തുന്ന
വ്യതിയാനങ്ങൾ രാജ്യത്തിനകത്തേക്കോ
പുറത്തേക്കോ ഉള്ള സ്വർണത്തിന്റെ
പ്രവാഹത്തെ കടിഞ്ഞാണിട്ടുകൊണ്ടു് അടച്ചു
ബാക്കിയിലുണ്ടാകുന്ന

അസന്തുലിതാവസ്ഥകൾ പരിഹരിക്കുവാൻ ഇട
നൽകുന്നു.
 ബാങ്കുനിരക്കു് വ്യതിയാനങ്ങൾ ഇത്തരത്തിലുള്ള
ഫലങ്ങൾ
ഉളവാക്കുമെന്നു് ലളിതമായി പറഞ്ഞുവെങ്കിലും
ഈ വ്യതിയാനങ്ങൾ എപ്പോഴും
ഉദ്ദേശിക്കപ്പെട്ട ഫലങ്ങൾ നൽകുമെന്നു്
അർഥമാക്കരുത്. ബാങ്ക്
നിരക്കു്
നയത്തിന്റെ പോരായ്മകൾ അന്യത്ര വിശദമായി
പ്രതിപാദിച്ചിട്ടുണ്ടു്.
ബാങ്ക്നിരക്കു് നയത്തിന്റെ പ്രവർത്തനരീതി
 ബാങ്കുനിരക്കിലുണ്ടാകുന്ന ഏററക്കുറവുകൾ
കമ്പോളനിരക്കിലും
സദൃശമായ ഏററക്കുറവുകൾ ഉളവാക്കുന്നു
എന്നതാണു് ബാങ്കുനിരക്കു് നയത്തിന്റെ
അടിസ്ഥാനപരമായ വസ്തുത എന്നു് മുൻപു്
സൂചിപ്പിച്ചുവല്ലോ.
സമ്പദ്‌വ്യവസ്ഥയിൽ പണപ്പെരുപ്പലക്ഷണങ്ങൾ
കണ്ടുതുടങ്ങിയെന്നു്
സങ്കൽപ്പിക്കുക. ഈ സാഹചര്യത്തിൽ കേന്ദ്രബാങ്ക്
ഇടപെടുകയും ബാങ്കുനിരക്കു്
വർധിപ്പിക്കുകയും ചെയ്യുന്നു. തൻമൂലം
വാണിജ്യബാങ്കുകൾക്കു്
കേന്ദ്രബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ
മൂല്യം അധികരിക്കുകയും തദ്വാരാ
കമ്പോളനിരക്കു് വർധിക്കുകയും ചെയ്യുന്നു.
കമ്പോളനിരക്കിന്റെ വർധനവ്
വാണിജ്യബാങ്കുകളിൽ നിന്നു് വായ്പകൾ

വാങ്ങുവാനുള്ള വ്യവസായികളുടെ
പ്രവണതയെ നിരുത്സാഹപ്പെടുത്തുന്നു.
വ്യവസായപ്രവർത്തനങ്ങൾ
മന്ദീഭവിക്കുകയും തൊഴിലില്ലായ്മ
വർധിക്കുകയുമായിരിക്കും ഫലം.
തൊഴിലില്ലായ്മ വർധിക്കുന്നതോടെ ജനങ്ങളുടെ
ക്രയശക്തി ക്ഷയിച്ചുവരുന്നു.
ചരക്കുകളുടെ ചോദനത്തെ ഇതു് പ്രതികൂലമായി
ബാധിക്കുമെന്നു് പ്രത്യേകം
പറയേണ്ടതില്ലല്ലോ. ചോദനക്കുറവുകാരണം
വിലനിലവാരം ഇടിയുന്നു.
അതോടൊപ്പം ഉത്പാദകർ ഉത്പാദനം
കുറയ്ക്കുവാൻ നിർബന്ധിതരാകുന്നു.
തൊഴിലില്ലായ്മ വീണ്ടും വർധിക്കുന്നു. ജനങ്ങളുടെ
ക്രയശക്തി ചുരുങ്ങൽ,

ചരക്കുകളുടെ ചോദനക്കുറവു്,
ഉല്പാദനസ്തംഭനം,തൊഴിലില്ലായ്മ,
ക്രയശക്തി ചുരുക്കൽ എന്ന വിഷമവൃത്തത്തിൽ
സമ്പദ്ഘടന അകപ്പെടുന്നു.
അങ്ങനെ ബാങ്ക് നിരക്കിലുണ്ടാകുന്ന വർധനമൂലം
സമൂഹത്തിൽ
പ്രചാരത്തിലിരിക്കുന്ന മൊത്തം പണത്തിന്റെ
വ്യാപ്തി ചുരുങ്ങുകയും
സാമ്പത്തിക വരുമാനത്തിലും വിലനിലവാരത്തിലും
ഇടിവു് ഉളവാക്കുകയും
പൊതുവിൽ സാമ്പത്തികപ്രവർത്തനങ്ങളെ
മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു.
മറിച്ചു് ബാങ്കുനിരക്കു് താഴ്ത്തുകയാണെങ്കിൽ

വായ്പകളുടെ വ്യാപ്തി വർധിക്കുകയും സാമ്പത്തികവരുമാനം, വിലനിലവാരം എന്നിവ ഉയരുകയും സാമ്പത്തികപ്രവർത്തനങ്ങൾക്കു് പൊതുവിൽ ആക്കം ലഭിക്കുകയും ചെയ്യുന്നു.